# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമാരപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P10/681/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 16/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P10/681/2022 തീയ്യതി: 16/07/2022

## ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 20-06-2022 | 25-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2022 | 25-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ആർ.ജയകൃഷ്ണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ(22.06.22 മുതൽ)
സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
റ്റീനു ടോം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ് കുമാർ.എസ്സ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 31-12-2020 |
| ശ്രീമതി.സൂസി. | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| ശ്രീമതി.എസ്സ്.ശുഭാദേവി | സെക്രട്ടറി | 01-04-2020 | 08-02-2021 |
| ശ്രീ.ജേക്കബ് സി ജോസഫ് | സെക്രട്ടറി | 09-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വൃന്ദ.ടി.എ,സ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഷൈജു.സി.എസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.സവിത.എസ് | ഐ. സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 31-03-2021 |
| ഡോ.ലെൻഡ അലക്സ് | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ശ്രീനി.ആർ | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 01-04-2020 | 08-02-2021 |
| ഡോ.അനിത വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 08-02-2021 | 08-03-2021 |
| ഡോ.ശ്രീധർ.എം.എച്ച് | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 08-03-2021 | 31-03-2021 |
| ഡോ.സിജി | മെഡിയ്ക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗിരിജ.എൻ.മാധവ് | ഹെഡ്മിസ്ട്രസ്സ് ഗവ.എൽ.പി.എസ്. കുമാരപുരം | 01-04-2020 | 31-03-2021 |
| ശ്രീമതി,വിജി.വി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ അഫർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഒഴിവ് | വില്ലേജ് എക്സ്റ്റെൻഷൻ | 01-04-2020 | 04-11-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ.അഖിൽദാസ്.ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 05-11-2020 | 31-03-2021 |
| ശ്രുമതി.സിന്ധു ഈശ്വർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗീത | ഡയറി ഫാം ഇൻസ്ട്രക്ടര് | 01-04-2020 | 31-03-2021 |
| ശ്രീമതി.ഫാത്തിമ.എസ്.ഹമീദ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2022) | 1-2 |
| 3 | വാർഷിക കണക്കുകളുടെ പരിശോധന<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 28-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Teenu Tom (Auditor, On 25-06-2022)<br>Last Updated By: Teenu Tom (Auditor, On 01-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 28-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-07-2022) | 1-9 |
| 11 | 2020-2021 വർഷത്തെ ബജറ്റ് പാസാക്കിയ തീരുമാനം സകർമ്മയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 1-10 |
| 12 | പ്രൊക്യുവർമെന്റ് കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 1-11 |
| 13 | വസ്തുനികുതി നിർണ്ണയം - ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയില്ല<br>Written By: Teenu Tom (Auditor, On 25-06-2022)<br>Last Updated By: Teenu Tom (Auditor, On 28-06-2022) | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Teenu Tom (Auditor, On 25-06-2022)<br>Last Updated By: Teenu Tom (Auditor, On 01-07-2022) | 1-13 |
| 15 | ഡി & ഒ ലൈസൻസിനുള്ള മോട്ടർ ഫീസ് ഈടാക്കിയില്ല<br>Written By: Teenu Tom (Auditor, On 25-06-2022)<br>Last Updated By: Teenu Tom (Auditor, On 28-06-2022) | 1-14 |
| 16 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Teenu Tom (Auditor, On 25-06-2022)<br>Last Updated By: Teenu Tom (Auditor, On 01-07-2022) | 1-15 |

| | | |
|---|---|---|
| 17 | മൂലധന നിക്ഷേപത്തിന്റെ ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല<br>Written By: Teenu Tom (Auditor, On 25-06-2022)<br>Last Updated By: Teenu Tom (Auditor, On 01-07-2022) | 1-16 |
| 18 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 1-17 |
| 19 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 1-18 |
| 20 | ഹെഡ് മാസ്റ്റർ രേഖകൾ ഹാജരാക്കിയില്ല<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 05-07-2022) | 1-19 |
| 21 | എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസിലേക്ക് ക്യാബിൻ നിർമ്മാണം - അപാകത സംബന്ധിച്ച്<br>Written By: Sindhya.P (Asst. Audit Officer, On 26-06-2022)<br>Last Updated By: Sindhya.P (Asst. Audit Officer, On 03-07-2022) | 1-20 |
| 22 | സർക്കാർ മാർഗ്ഗനിർദ്ദേശത്തിലുൾപ്പെടുത്തിയിട്ടില്ലാത്ത ഇനത്തിനായി പദ്ധതി ഫണ്ട് വിനിയോഗിച്ചിരിക്കുന്നു<br>Written By: Sindhya.P (Asst. Audit Officer, On 26-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 27-06-2022) | 1-21 |
| 23 | വിശപ്പു രഹിത കുമാരപുരം പദ്ധതി-സംബന്ധിച്ച്<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 27-06-2022) | 1-22 |
| 24 | പി.എച്ച്.സി നവീകരണം , S023/19- അപാകതകൾ<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-07-2022) | 1-23 |
| 25 | എസ്.റ്റി സാംസ്കാരിക നിലയത്തിൽ തറ ടൈൽ പാകല്, S0199/20 -ടെണ്ടർ കുറവ് വരുത്തിയില്ല<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 1-24 |
| 26 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പഞ്ചായത്ത് കമ്മറ്റി തീരുമാനം നടപ്പിലാക്കിയില്ല.<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 28-06-2022) | 1-25 |
| 27 | പകൽ വീട് നിഷ്ക്രിയാസ്തിയായി നിലനിൽക്കുന്നു<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 1-26 |
| 28 | മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ മത്സ്യകുഞ്ഞുങ്ങളുടെ വിതരണം 300000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 26-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 27-06-2022) | 1-27 |
| 29 | ഇടവിളക്കൃഷി - അപാകത സംബന്ധിച്ച്<br>Written By: Sindhya.P (Asst. Audit Officer, On 26-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 27-06-2022) | 1-28 |
| 30 | വെള്ളക്കരം കുടിശ്ശിക<br>Written By: Sindhya.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 27-06-2022) | 1-29 |
| 31 | കന്നുകുട്ടി പരിപാലനം ,S044/20 - വിനിയോഗ സാക്ഷ്യപത്രം | 1-30 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല.<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | |
| 32 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല .<br>Written By: Sindhya.P (Asst. Audit Officer, On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 1-31 |
| 33 | കക്കൂസ് മെയിന്റനൻസ് - ഗവ.നിർദ്ദേശങ്ങൾ പാലിയ്ക്കപ്പെടുന്നില്ല.<br>Written By: A.P.Shibu (Senior Grade Auditor, On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 1-32 |
| 34 | വാഹനവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രേഖകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നില്ല .<br>Written By: Sindhya.P (Asst. Audit Officer, On 28-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 28-06-2022) | 1-33 |
| 35 | ലൈഫ് ഭവനപദ്ധതി -അവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 27-06-2022) | 1-34 |
| 36 | ഹരിതകർമ്മസേന - പ്രവർത്തനം ശ്ലാഘനീയം<br>Written By: Sindhya.P (Asst. Audit Officer, On 26-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 27-06-2022) | 1-35 |
| 37 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 28-06-2022) | 1-36 |
| 38 | കോവിഡ് -19 പ്രതിരോധ പ്രവർത്തനം -അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 02-07-2022)<br>Last Updated By: Sindhya.P (Asst. Audit Officer, On 03-07-2022) | 1-37 |
| **ഭാഗം 2** | | |
| 1 | ഡി & ഒ ലൈസൻസിനുള്ള മോട്ടർ ഫീസ് ഈടാക്കിയില്ല<br>Written By: Teenu Tom (Auditor, On 28-06-2022)<br>Last Updated By: Teenu Tom (Auditor, On 28-06-2022) | 2-1 |
| **ഭാഗം 3** | | |
| 1 | ഹെഡ് മാസ്റ്റർ രേഖകൾ ഹാജരാക്കിയില്ല<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 3-1 |
| 2 | പി.എച്ച്.സി നവീകരണം , So023/19- അപാകതകൾ<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-07-2022) | 3-2 |
| 3 | എസ്.റ്റി സാംസ്കാരിക നിലയത്തിൽ തറ ടൈൽ പാകല്, So199/20 -ടെണ്ടർ കറവ് വരുത്തിയില്ല<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 3-3 |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ധനസഹായം<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sajitha Das (Audit Officer (HG), On 25-06-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: A.P.Shibu (Senior Grade Auditor, On 25-06-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 25-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 19.03.20 ൽ അവതരിപ്പിക്കുകയും തുടർന്ന് 30.03.20 ൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് പാസാക്കിയ തീയതിയിലെ മിനിറ്റ്സ് സകർമയിൽ ഉൾപ്പെടുത്തിയിട്ടില്ല. റിവൈസ്ഡ് ബജറ്റ് 17/02/2021 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 204280000 | 203890000 |
| വാർഷിക കണക്ക് പ്രകാരം | 179325454 | 183096007 |

## 1-2 വാർഷിക ധനകാര്യപത്രിക.

വാർഷിക ധനകാര്യപത്രിക 27/08/2021 ൽ ഓഡിറ്റിൽ നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ 13.10.2020പ്രാബല്യത്തിൽ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ വന്നിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രസ്തുത സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

## 1-2-1 വാർഷിക കണക്കുകളുടെ പരിശോധന

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു:-

1.യൂണിയൻ ബാങ്ക് അക്കൌണ്ട് നം. 556002010009252-ന്റെ ബാങ്ക് റിക്കൺസിലിയേഷനിൽ 90000/-രൂപ Directly Debited എന്ന് കാണിച്ചിരിക്കുന്നു. ടി തുക പെർഫോമൻസ് ഗ്രാന്റ് ഇനത്തിലുള്ള തുക തെറ്റായി Debit വന്നതാണെന്ന് കാണുന്നു. ടി തുക തിരികെ ലഭിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്.

2.ജില്ലാ സഹകരണ ബാങ്ക് അക്കൌണ്ട് റിക്കൺസിലിയേഷൻ പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് ലഭിച്ചതും(Cheque Deposited But Not Cleared) എന്നാൽ കാലഹരണപ്പെട്ടതുമായ ചെക്കുകൾ ഉൾപ്പെടുത്തി വരുന്നു-

| ചെക്ക് നം.തീയതി | തുക |
|---|---|
| 826756/30.7.20 | 8750 |
| 8966362/28.2.17 | 7000 |
| 8966362/28.2.17 | 1250 |
| 8963735/24.9.19 | 750 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3.other Deposits, Contractors Retention, Bidders Sd, Suppliers Sd, Contractors Sd എന്നീ ഇനങ്ങളിൽ മുൻവർഷ തുകകൾ തന്നെയാണ് തൻവർഷവും തുടർന്ന് വരുന്നതെന്ന് കാണുന്നു. തൻവർഷം ടി ഇനങ്ങളിൽ വരവുകൾ ഇല്ലായിരുന്നുവോ എന്നത് വിശദീകരിക്കേണ്ടതാണ്.

4.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2004 മുതലുള്ള ഡെപ്പോസിറ്റുകൾ നിലനിർത്തിപ്പോരുന്നതായി കാണുന്നു. മൂന്ന് വർഷത്തിലേറെയായി, കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കാണുന്നില്ല.

5.suppliers Emd തിരികെ നല്കിയത് 500/-ആണെന്ന് കാണുന്നു. എന്നാൽ രജിസ്റ്ററിൽ 52400/-ആണ് ചെലവായി കാണുന്നത്. അതേ പോലെ ഇലക്ഷൻ ഡെപ്പോസിറ്റ് വന്നതിൽ തിരികെ നല്കിയത് വാർഷിക കണക്ക് പ്രകാരം 27500/-ആയിരിക്കെ രജിസ്റ്ററിൽ 33500/-ആണ് ചെലവ് കാണുന്നത്.

6.അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. വാർഷിക കണക്ക് പ്രകാരം, Advance To Implementing Officers, Advance To MNREGAഇവ ഒഴികെ എല്ലാ ഇനങ്ങളിലുമുള്ള നീക്കിയിരിപ്പ് (ബി18)മുൻവർഷ തുക തന്നെയാണെന്ന് കാണുന്നു. വർഷങ്ങളായി നിർവ്വഹണ എജൻസികളിൽ ഡെപ്പോസിറ്റ് ഉടരുന്ന തുകകൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ എജൻസി | ഡെപ്പോസിറ്റ് ഉടരുന്നത് |
|---|---|

| | |
|---|---|
| വാട്ടർ അതോറിറ്റി | 1600994 |
| കെ.എസ്.ഇ.ബി | 1301191 |
| ഗ്രൌണ്ട് വാട്ടർ | 650000 |
| പി.ഡബ്ലിയു.ഡി | 34777 |

ടി നിക്ഷേപ പ്രവർത്തികളുടെ നിലവിലെ വിവരം, അവയിൽ തൻവർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടും മുൻകൂർ തുക ഇനത്തിൽ കണക്കിൽ കുറവ് വരുത്താതെ വന്നിട്ടുള്ള പക്ഷം അതിന്റെ വിവരം എന്നിവ അറിയിക്കേണ്ടതാണ്.

7.ആസ്തിരജിസ്റ്റർ മൂല്യം അടിസ്ഥാനപ്പെടുത്തി കാലികമാക്കി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി വിവരങ്ങളുടെ കൃത്യത ബോദ്ധ്യമാകുന്നില്ല.

8.പ്രോപ്പർട്ടി ടാക്സ് വരവ് കൃത്യത പരിശോധിക്കുന്നതിനായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ സ്റ്റേറ്റ്മെന്റ് /ഡിമാന്റ് -കളക്ഷൻ-ബാലൻസ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയത് പ്രകാരം ചുവടെ ചേർക്കുന്ന വ്യത്യാസങ്ങൾ കാണുന്നു, വിശദീകരിക്കേണ്ടതാണ്:

| ഇനം | വാർഷിക കണക്കിൽ | സഞ്ചയ സ്റ്റേറ്റ്മെന്റിൽ |
|---|---|---|
| Receivable Property Tax(residential)current | 1260785 | 1260049 |
| Recceivable Property Tax(non Residential)current | 1098362 | 1097243 |

9.വാർഷിക കണക്ക് (I-6)പ്രകാരം എം.എൻ.ആർ.ഇ.ജി.എ ഇനത്തിലുള്ള ചെലവ് 69916094/-ആണ്. എന്നാൽ എം.എൻ.ആർ.ഇ.ജി.എ വിഭാഗത്തിൽ നിന്ന് ഹാജരാക്കിയ കണക്ക് പ്രകാരം 69916023/-രൂപയും വ്യത്യാസം വിശദീകരിക്കേണ്ടതാണ്. അതേ പോലെ അഡ്മിനിസ്ട്രേഷൻ ചെലവ് RP-30പ്രകാരം 1969664/-ആണ്. എന്നാൽ, തൊഴിലുറപ്പ് വിഭാഗത്തിൽ നിന്ന് ഹാജരാക്കിയ കണക്ക് പ്രകാരം, ഇത് 1968105/-ആണ്. ടി വ്യത്യാസവും വിശദീകരിക്കേണ്ടതുണ്ട്.

10.സംയുക്ത പ്രോജക്ടുകൾക്കായുള്ള വരവുകൾ പരിശോധിച്ചതിൽ തൻവർഷം വരവ് വന്ന തുകകൾ ചെലവായി കാണുന്നു. അതിനാൽ, മുൻവർഷ നീക്കിയിരിപ്പ് തൻവർഷവും നീക്കിയിരിപ്പായി തുടരുകയാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള 436476/-രൂപയും, ജില്ലാ പഞ്ചായത്തിൽ നിന്നുള്ള 77964/-രൂപയുമാണ് ഇപ്രകാരം ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ അവശേഷിക്കുന്നത്. ടി തുകകൾ എത് പദ്ധതികൾക്കായാണ് ലഭ്യമായതെന്നും, എത് വർഷമാണ് ലഭ്യമായതെന്നും അറിയിക്കേണ്ടതാണ്. ഉദ്ദിഷ്ട പദ്ധതികൾക്കായി വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്ന പക്ഷം തുക തിരിച്ചടവാക്കേണ്ടതുണ്ട്.

11.മറ്റ് ബാധ്യതകളിൽ (ബി-9)വാല്യൂ ആഡഡ് ടാക്സ് ഇനത്തിൽ 14995/-രൂപ നിലനിൽക്കുന്നു. നിലവിൽ വാല്യൂ ആഡഡ് ടാക്സ് ഇല്ലാത്തതിനാൽ ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഹെഡിൽ തുക ഒടുക്ക വരുത്തേണ്ടതുണ്ട്.

12.കോവിഡുമായി ബന്ധപ്പെട്ടുള്ള സംഭാവനകൾ(contributions), ഗ്രാന്റുകൾ ഫണ്ടുകൾ മുതലായവ നീക്കിയിരിപ്പുള്ളതിന്റെ വിവരമുൾപ്പെടെ, ബി-4ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാന്റ്/ഫണ്ട് നീക്കിയിരിപ്പുകൾ എത് ബാങ്ക് അക്കൌണ്ടുകളിലായാണ് നീക്കിയിരിപ്പുള്ളതെന്ന വിവരം അറിയിക്കേണ്ടതാണ്.

13.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവിൽ, സർക്കാർ ഉത്തരവുകൾ പ്രകാരം സ്രോതസ്സിൽ കുറവ് ചെയ്തിട്ടുള്ള തുകകൾ ഉൾപ്പെടുത്തിയിട്ടില്ല, എന്നാൽ ചെലവിൽ ടി തുകകൾ കൂടി ഉൾപ്പെടുന്നതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് നെഗറ്റീവ് സംഖ്യയായി കാണുന്നു.

14.ഗ്രാമപഞ്ചായത്തിൽ 13.10.2020-ൽ ഐ.എൽ.ജി.എം.എസ് ആരംഭിച്ചിട്ടുണ്ട്. സാംഖ്യ നീക്കിയിരിപ്പ് തുകകൾ, ഐ.എൽ.ജി.എം.എസ്-മുന്നിരിപ്പിലേക്ക് പൊരുത്തപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിനാവശ്യമായ സ്റ്റേറ്റ്മെന്റുകൾ താരതമ്യം ചെയ്ത് പരിശോധിച്ചതിൽ എൻട്രികളിൽ വ്യാപകമായ പൊരുത്തക്കേടുകൾ കാണുന്നു.

എ)ബാലൻസ് ഷീറ്റ്-Total Liabilities/Assets സാംഖ്യ പ്രകാരം 126335743 ഐ.എൽ.ജി.എം.എസ് പ്രകാരം 12127789 രൂപ വീതം ആണ്. ബാലൻസ് ഷീറ്റ് ഷെഡ്യൂളുകളിൽ ബി-3 Reserves(73118246/-), Accumulated Depreciation(-28180079/-), Pre-paid Expenses(53482353/-)ഇവ ഒഴികെ എല്ലാം വ്യത്യസ്ത തുകകൾ ആണ്. വിശദാംശം ചുവടെ:-

| ഇനം/വിവരണം | ബാലൻസ് ഷീറ്റ് സാംഖ്യ | ബാലൻസ് ഷീറ്റ് ഐ.എൽ.ജി.എം.എസ് |
|---|---|---|

| | നീക്കിയിരിപ്പ് 31.03.2020 | മുന്നിരിപ്പ് 13.10.2020 |
|---|---|---|
| മുനിസിപ്പൽ (ജനറൽ)ഫണ്ട് | -16023998.80 | -24872225.80 |
| ഇയർ മാർക്ക്ഡ് ഫണ്ട്സ് | 75382 | 20422 |
| ഗ്രാന്റ്സ്, ഫണ്ട്സ്&കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക്ക് പർപ്പസസ് | 13546551 | 20127802 |
| സെക്യൂർഡ് ലോൺസ് | 53482353 | 53962353 |
| ഡെപ്പോസിറ്റ്സ് റിസീവ്ഡ് | 965733 | 973233 |
| അദർ ലയബിലിറ്റീസ് | 1171476.80 | 797958.80 |
| ഫിക്സഡ് അസറ്റ്സ് | 79096286 | 3971567 |
| സൺഡ്രി ഡെബ്റ്റേഴ്സ്(റിസീവബിൾ) | 68624 | -452705 |
| ക്യാഷ്&ബാങ്ക് ബാലൻസ് | 15997128 | 13011560 |
| ലോൺസ്, അഡ്വാൻസസ്& ഡെപ്പോസിറ്റ്സ് | 5931431 | 6924998 |

ഐ.എൽ.ജി.എം.എസ്- പ്രകാരം, ആനുവൽ പ്ലാൻ ക്യാപ്പിറ്റൽ എക്സ്പൻസസ്(പ്രൊഡക്ടീവ്, സർവീസ്, ഇൻഫ്രാസ്ട്രക്ചർ)ഇനത്തിൽ വന്നിട്ടുള്ള തുകകൾ(53178/-, 1212984/-, 74103933/-വീതം) സാംഖ്യയിൽ ഇല്ലാത്തത് ഇതിന് പുറമേയുള്ള വ്യത്യാസമാണ്.

ബി)ഇൻകം , എക്സ്പെൻഡിച്ചർ തുകകൾ സാംഖ്യയിലുള്ള ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരം, 12.10.2020തീയതിയിൽ(ഐ.എൽ.ജി.എം.എസ് ആരംഭിക്കുന്നതിന് മുമ്പ്) 17589357/-, 24345560/-വീതമാണ്. എന്നാൽ ഐ.എൽ.ജി.എം.എസ്-ൽ പ്രാരംഭ ബാക്കി(13.10.20)എടുത്തിട്ടുള്ള ഇൻകം , എക്സ്പെൻഡിച്ചർ തുകകൾ 18817513/-, 24904679/-വീതമാണ്.

സി)റസീറ്റ്& പേമെന്റ് പത്രികകൾ 13.10.2020ലെ സാംഖ്യ നീക്കിയിരിപ്പും ഐ.എൽ.ജി.എം.എസ് പ്രാരംഭബാക്കി എടുത്തിട്ടുള്ളതും തമ്മിലും വ്യത്യാസമുണ്ട്. വിശദാംശം ചുവടെ:-

| | സാംഖ്യ | ഐ.എൽ.ജി.എം.എസ് |
|---|---|---|
| മുന്നിരിപ്പ് | 15997128 | 15997128(വ്യത്യാസമില്ല) |
| വരവ് | 39221703 | 43110588 |
| ചെലവ് | 23224575 | 30099028 |
| നീക്കിയിരിപ്പ് | 9468751 | 13011560 |

15.കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011, റൂൾ 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2020-21 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി)അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി)മുൻവർഷത്തെ താരതമ്യതുകകൾ.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15997128 |
| വരവ് | 62031031 |
| ആകെ | 78028159 |
| ചെലവ് | 64165668 |

| | |
|---|---|
| നീക്കിയിരിപ്പ് | 13862491 |
| വരവിനങ്ങളിലെ നഷ്ടം | 1550 |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ നിരാകരിച്ച തുക | 749084 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2566618 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12744999 | 5368126 | 18113125 | 18032135 | 80990 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 2452373 | 102627 | 2555000 | 2550157 | 4843 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 219000 | 0 | 219000 | 219000 | 0 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 6216000 | 0 | 6216000 | 3241061 | 2974939 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 4149602 | 0 | 4149602 | 4104906 | 44696 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്(ടൈഡ്) | 0 | 5780000 | 0 | 5780000 | 3775738 | 2004262 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്(അൺ-ടൈഡ്) | 0 | 14187218 | 0 | 14187218 | 4354108 | 9833110 |

## 1-5 പദ്ധതി അവലോകനം.

2020-21 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 168 | 95441443 | 116 | 54811752 | 20 | 52 | 57.42 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 355968 | 1968664 | 2324632 | 1968176 | 356456 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 67947918 | 67947918 | 67947918 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 278640 | 189 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10121800 | 666 |
| വിധവാപെൻഷൻ | 12216200 | 871 |
| വാർദ്ധക്യകാലപെൻഷൻ | 18645400 | 1475 |
| വികലാംഗപെൻഷൻ | 4205900 | 290 |
| അവിവാഹിതപെൻഷൻ | 1200100 | 79 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 330000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2022-4.00-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3989/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.(ഖ.1-25 കാണുക)

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. 22.12.19 ന ശേഷം വർക്കിംഗ് ഗ്രൂപ്പ് കൂടിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല.

3. പല സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് ബുക്കുകളും അപൂർണ്ണമാണ്(ധന കാര്യം, വികസനകാര്യം).

4.26.10.19 ന ശേഷം പ്രൊക്യൂർമെന്റ് കമ്മറ്റി കൂടിയിട്ടില്ല. പുതിയ ഭരണസമിതി നിലവിൽ വന്ന ശേഷം പ്രൊക്യൂർമെന്റ് കമ്മറ്റി പുനസംഘടിപ്പിച്ചിട്ടില്ല.

5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

6. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്റ്റുകൾക്ക് രൂപം നൽകേണ്ടത്. ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗൗരവകരമായ സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

7.റോഡ് രജിസ്റ്ററും, റോഡ് കണക്റ്റിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 2020-2021 വർഷത്തെ ബജറ്റ് പാസാക്കിയ തീരുമാനം സകർമ്മയിൽ

ഉൾപ്പെടുത്തിയിട്ടില്ല.

2020-2021 വർഷത്തെ ബജറ്റ് 19.03.20 ലെ പഞ്ചായത്ത് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്തിട്ടുമുണ്ട്. തുടർന്ന് ബജറ്റ് പാസാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 214(6) പ്രകാരം ബജറ്റ് പാസാക്കാതെ ഒരു തരത്തിലുള്ള ചെലവുകളും പഞ്ചായത്ത് ഫണ്ടിൽ നിന്നും നടത്തുവാൻ പാടുള്ളതല്ല. ബജറ്റ് പാസാക്കാതെ ചെലവുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/20-21), 31.03.20 ലെ കമ്മറ്റിയിൽ ബജറ്റ് അംഗീകരിച്ചിരുന്നുവെന്നും 21.03.20 ലെ കമ്മറ്റി റദ്ദാക്കുവാൻ ഐ.കെ.എം നെ അറിയിച്ചപ്പോൾ തെറ്റായി 31.03.20 ലെ കമ്മറ്റി റദ്ദ് ചെയ്ത് പോയതാണെന്നുമാണ് മറുപടി. 2020-2021 വർഷത്തെ റിവൈസ്ഡ് ബജറ്റ് 17.02.21 ൽ അംഗീകരിച്ചിട്ടുമുണ്ട്. ഐ.കെ.എം മായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 പ്രൊക്വയർമെന്റ് കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മറ്റി മിനിറ്റ്സിൽ 26.10.2019 ന ശേഷം രേഖപ്പെടുത്തലുകളില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം 259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ നിർദ്ദേശാനുസരണം യാതൊരു പ്രവർത്തനങ്ങളും പ്രൊക്യൂർമെന്റ് കമ്മറ്റി നടത്തിയിട്ടില്ല.

പുതിയ ഭരണസമിതി നിലവിൽ വന്ന ശേഷം പ്രൊക്യൂർമെന്റ് കമ്മറ്റി പുനസംഘടിപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/20-21), കോവിഡ് വ്യാപനം നിലനിന്നിരുന്ന സാഹചര്യമായതിനാലാണ് കമ്മറ്റി കൂടാൻ കഴിഞ്ഞിരുന്നില്ല എന്നും അടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മറ്റി പുനസംഘടിപ്പിക്കുന്നതാണെന്നും മറുപടി നൽകി. പ്രൊക്യർമെന്റ് കമ്മറ്റി പുനസംഘടിപ്പിക്കേണ്ടതും സർക്കാർ ഉത്തരവിന് അനുസൃതമായുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

## 1-12 വസ്തുനികുതി നിർണ്ണയം - ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയില്ല

14/01/2011 ലെ സ.ഉ(അ) 19/2011/ത.സ്വ.ഭ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ച.മീറ്ററിനു 40/- രൂപയും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ച.മീറ്ററിനു 60/- രൂപയും ആയി നികുതി നിർണ്ണയിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരം കെട്ടിടനികുതി പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/24.06.22) മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് , വിലാസം | വാർഡ് | കെട്ടിട നം | ആകെ തറ വിസ്തീർണ്ണം | സഞ്ചയ പ്രകാരം ഉപയോഗക്രമം (കണക്കാക്കിയ കെട്ടിടനികുതി @40) | കണക്കാക്കേണ്ട കെട്ടിടനികുതി @ 60 | കെട്ടിടനികുതി വ്യത്യാസം | നികുതി നിർണ്ണയിച്ച വർഷം |
|---|---|---|---|---|---|---|---|
| മുഹമ്മദ് റാഫി & അനില മോൾ, സുഹറ മൻസിൽ | 11 | 97C, | 28 ച മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ<br>ആകെ ഇളവ് - 10%<br>ആകെ വർദ്ധനവ് - 20% | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ<br>ആകെ ഇളവ് - 10%<br>ആകെ വർദ്ധനവ് - 20% | 4450/- | 29/9/2020 |

| | | | | |
|---|---|---|---|---|
| | | ലൈ.സെ-62<br>1294/- | | |
| 97D | 28 ച മീ | വാണിജ്യാവ ശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ<br>ആകെ ഇളവ് - 10%<br>ആകെ വർദ്ധനവ് - 20%<br>ലൈ.സെ-62<br>1294/- | | |
| 97E | 28 ച മീ | വാണിജ്യാവ ശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ<br>ആകെ ഇളവ് - 10%<br>ആകെ വർദ്ധനവ് - 20%<br>ലൈ.സെ-62<br>1294/- | ലൈ.സെ-636<br>13360/- | |
| 97F | 28 ച മീ | വാണിജ്യാവ ശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ<br>ആകെ ഇളവ് - 10%<br>ആകെ വർദ്ധനവ് - 20%<br>ലൈ.സെ-62<br>1294/- | | |
| 97G | 28 ച മീ | വാണിജ്യാവ | | |

| | | | | | |
|---|---|---|---|---|---|
| | | | | ശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ<br>ആകെ ഇളവ് - 10%<br>ആകെ വർദ്ധനവ് - 20%<br>ലൈ.സെ-62<br>1294/- | |
| | | 97H | താഴത്തെ നില-39.2<br>ഒന്നാം നില- 13.58 | വാണിജ്യാവ ശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ<br>ആകെ ഇളവ് - 10%<br>ആകെ വർദ്ധനവ് - 20%<br>ലൈ.സെ-117<br>2440/- | |
| | | ആകെ | 192.78ച.മീ | 8910 | |

വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2020-21 വർഷം തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/24.06.22) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1.) ഹ്ദാടസ്റ്റ് പബ്ലിക്ക് സ്കൂൾ

2.) ഹോർട്ടികോർപ്പ്

3.) കാഡ് സ്ററീൽ സൊല്യൂഷൻസ്

4.) കാർത്തിക ഇൻഡസ്ട്രീസ്

5.) ഗുരുദേവ ട്രസ്റ്റ് (ഒന്നാം അർദ്ധപകുതി 3780/-രൂപ അടച്ചു)

സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ

1.)കുമാരപുരം ക്ഷീരോൽപ്പാദകസഹകരണ സംഘം

2.) വലിയകുളങ്ങര ക്ഷീരോൽപ്പാദകസഹകരണ സംഘം

3.) കരുവാറ്റ തെക്ക് ക്ഷീരോൽപ്പാദകസഹകരണ സംഘം

## 1-14 ഡി & ഒ ലൈസൻസിനുള്ള മോട്ടർ ഫീസ് ഈടാക്കിയില്ല

1996 കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 18,19 പട്ടിക III പ്രകാരമുള്ള ഡി & ഒ ലൈസൻസിനുള്ള മോട്ടർ ഫീസ് ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.20/24.06.22) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ലൈസൻസിയുടെ പേര്, സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ്, രസീത് നം., തീയതി | ഈടാക്കേണ്ട മോട്ടർ ഫീസ് |
|---|---|---|---|
| 1 | ജയലക്ഷ്മി, കാർത്തിക ഇൻഡസ്ട്രീസ് (ഹെസ് ബ്ലോക്ക് നിർമ്മാണം) | ലൈസൻസ് ഫീസ്- 2500/-<br>സ്ഥാപന തൊഴിൽ നികുതി- 2500/-<br>ഫോം ഫീസ്- 5/-<br>രസീത് നം. 119030104313, 4/03/20 | 54.5Hp (PCB/ALP /UCO-2155/11, 21/10/20 )<br>മോട്ടർ ഫീസ്- 1000/- |
| 2 | എസ്.ഗോപാലകൃഷ്ണൻ നായർ, കീർത്തി പി.വി.സി പ്രോഡക്ട്സ് ലിമിറ്റഡ് (പി.വി.സി പൈപ്പ് നിർമ്മാണം, സ്റ്റോക്ക് ചെയ്യൽ വിൽപന) | ലൈസൻസ് ഫീസ്- 1500/-<br>സ്ഥാപന തൊഴിൽ നികുതി- 2500/-<br>ഫോം ഫീസ്- 5/-<br>രസീത് നം.119030104339, 119030104340, 6/03/20 | 30Hp<br>മോട്ടർ ഫീസ്- 400/- |
| 3 | രതീശൻ എം, ചാലിൽ (ഫർണ്ണീച്ചർ നിർമ്മാണം) | ലൈസൻസ് ഫീസ്- 500/-<br>സ്ഥാപന തൊഴിൽ നികുതി- 900/-<br>ഫോം ഫീസ്- 5/-<br>രസീത് നം. 119030104297, 3/03/20 | 5Hp (PCB/ALP /UCO-3116/14, 30/09/2019 )<br>മോട്ടർ ഫീസ്- 100/- |
| 4 | ഷാജി കെ, കെ.എൻ.കെ എന്റർപ്രൈസസ് (പ്രിന്റിംഗ് പ്രസ്സ്) | ലൈസൻസ് ഫീസ്- 500/-<br>സ്ഥാപന തൊഴിൽ നികുതി- 900/-<br>ഫോം ഫീസ്- 5/-<br>രസീത് നം. 120150100576, | 2 Hp<br>മോട്ടർ ഫീസ്- 50/- |

| | | | | |
|---|---|---|---|---|
| | | 23/10/20 | | |

## 1-15 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സഞ്ചയ( ഉപയോഗക്രമം അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ) , ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ 2020-21 വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ലൈസൻസ് എടുത്തിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/24.06.22) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1.) കെട്ടിട ഉടമയുടെ പേര് - ഹനീഫ റാവുത്തർ (കെട്ടിട നം.11/475)

2.) കെട്ടിട ഉടമയുടെ പേര് - പുളിമൂട്ടിൽ, പാടേട്ടതിൽ (കെട്ടിട നം.8/356B )

3.) കെട്ടിട ഉടമയുടെ പേര് - എസ്.എൻ.ഡി.പി നം. 807(കെട്ടിട നം.2/290)

4.) കെട്ടിട ഉടമയുടെ പേര് - എൻ.എസ്.എസ് കരയോഗം (കെട്ടിട നം.2/378 )

5.)കെട്ടിട ഉടമയുടെ പേര് - എൻ.എസ്.എസ് കരയോഗം (കെട്ടിട നം.3/54 )

6.)കെട്ടിട ഉടമയുടെ പേര് - 4561 എൻ.എസ്.എസ് കരയോഗം (കെട്ടിട നം.3/512A)

7.) കെട്ടിട ഉടമയുടെ പേര് - വനിതാ സമാജം (കെട്ടിട നം.7/678 )

5.)കെട്ടിട ഉടമയുടെ പേര് - എൻ.എസ്.എസ് കരയോഗം (കെട്ടിട നം.8/128 )

## 1-16 മൂലധന നിക്ഷേപത്തിനു ആനുപാതികമായി ലൈസസൻസ് ഫീസ് ഈടാക്കുന്നില്ല

രാഹുൽ രാജ്, രാജസദനം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ശ്രീരാഗം മോട്ടോഴ്സ് (ലൈസൻസ് നം. എ5-2921/2020, ടി.വി.എസ് വാഹനത്തിന്റെ വിൽപ്പനയും സർവ്വീസും) എന്ന സ്ഥാപനത്തിൽ നിന്നും 13/5/20 തീയതിയിലെ രസീത് നം. 120030100217 പ്രകാരം 500/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്, ജി. ഒ 80/2017/ത.സ്വ.ഭ.വ, തീയതി 31/10/2107 പ്രകാരം പുതുക്കിയ മാനദണ്ഡപ്രകാരമുള്ള (മൂലധന നിക്ഷേപത്തിനു ആനുപാതികമായി) ലൈസസൻസ് ഫീസ് ഈടാക്കാത്തതിനു വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/24.06.22) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപത്തിനു ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീസിനത്തിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഓൺലൈനായി 2015-16 മുതൽ നാളിതുവരെ ഒടുക്കിയ തുക തിരികെ ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഈടാക്കി ഒടുക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ടെങ്കിലും തുക എത്രയാണെന്ന് മറുപടിയിൽ പരാമർശിച്ചിട്ടില്ല. 2020-21 വർഷം ഒര് പ്രവൃത്തി മാത്രമാണ് ഇ-ടെന്റർ നടത്തിയതെങ്കിലും ഇ-ടെണ്ടറിലും, റീഇ-ടെണ്ടറിലും ആരും പങ്കെടുത്തിട്ടില്ലാത്തതിനാൽ കമ്മറ്റി തീരുമാന പ്രകാരം ടെണ്ടർ ചെയ്ത് 2021-22 വർഷമാണ് നടപ്പിലാക്കിയതെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന നിർദ്ദേശാനുസരണം അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെന്നും മറുപടി നൽകി. 2015-16 വർഷം മുതൽ നാളിതുവരെ ഒടുക്കിയ തുകകൾ കണ്ടെത്തി ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-18 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ

## അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നു

സാമൂഹ്യപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും സേവന പെൻഷൻ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ നിന്നും സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/കുടുംബ പെൻഷൻ ലഭിയ്ക്കുന്ന ഗുണഭോക്താക്കളിൽ ചിലർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയതായി കാണുന്ന വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | പെൻഷൻ ഐഡി നം | പേര്,മേൽവിലാസം | പി.പി.ഒ നം& ട്രഷറി | പെൻഷൻ അനുവദിച്ച തീയതി മുതൽ സസ്പെൻഡ് ചെയ്യപ്പെട്ട തീയതി വരെ ഉള്ള തുക സേവന പ്രകാരം | തിരികെ അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|---|---|
| 1 | 104760200430 | ദേവകി അന്തർജനം, നൈമ്പിര ഇല്ലം, താമല്ലാക്കൽ | F-3411 | 99900 | - | 99900 |
| 2 | 104760200455 | പൊന്നമ്മ, എസ്.ആർ വില്ല, താമല്ലാക്കൽ | CGR-3583 | 25400 | | 25400 |
| 3 | 104760200874 | പൊന്നമ്മ, തയ്യിൽപറമ്പിൽ, താമല്ലാക്കൽ | 36203107 | 37400 | | 37100 |
| 4 | 104760201192 | ടി.കെ.പൊന്നമ്മ തറയിൽ വീട് , താമല്ലാക്കൽ | 36615207 | 22100 | | 22100 |
| 5 | 104760600096 | രത്നമ്മ വട്ടതല, എരിക്കാവ്.പി.ഒ | 111950592 | 2400 | | 2400 |
| 6 | 104760600840 | സുമതി,മുരളിഭവനം, കുമാരപുരം,പി.ഒ | 36109807 | 37600 | | 37600 |
| 7 | 1047600849 | ചിന്നമ്മ ,ചിങ്ങംതറയിൽ, താമല്ലാക്കൽ | Sf/cgr/1678 | 37600 | | 37600 |

23/01/2020 ലെ 07/2020 നം സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാപെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ജീവനക്കാർ/സർവ്വീസ് പെൻഷണർമാർ/കുടുംബപെൻഷണർമാർ എന്നിവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരകെ ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ പെൻഷണർമാരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 18/22-06-22 ന് നൽകിയ മറുപടിയിൽ തിരിച്ചടയ്ക്കുവാനുള്ളവരുടെ തുകയും ട്രഷറി വിവരങ്ങളും ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ വ്യക്തികൾ അനധികൃതമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ഹെഡ് മാസ്റ്റർ രേഖകൾ ഹാജരാക്കിയില്ല

കുമാരപുരം ഗ്രാമ പഞ്ചായത്തിൽ ഗവ. എൽ.പി സ്കൂൾ ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥയായി 2020-2021 സാമ്പത്തിക വർഷം 10 പ്രോജക്ടുകൾ(സ്പിൽ ഓവർ-4, പുതിയത്-6) ആവിഷ്കരിച്ചിരുന്നു. ഇതിൽ 7 പദ്ധതികൾ

തൻവർഷം നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം., പ്രോജക്റ്റ് | ചെലവ് തുക | ബിൽ റഫറൻസ് നമ്പർ, തീയതി |
|---|---|---|---|
| 1 | മുന്നേറ്റം,15/21 | 115000 | 79000/- 20070652015500173905/18.05.20 36000/- 20070652015501173581/01.03.21 |
| 2 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം, 43/21 | 47843 | 20070652015501136696/24.02.21 |
| 3 | പട്ടികജാതി കുട്ടികൾക്ക് ലാപ് ടോപ്പ്, 52/21 | 137370 | 20070652015500203485/27.05.20 |
| 4 | സാംസ്കാരിക നിലയത്തിലേക്ക് പത്ര മാസിക,174/21 | 10551 | 20070652015500553864/25.09.20 |
| 5 | എരിക്കാവ് ഗവ യു.പി.എസ് ന് ഫർണീച്ചർ, 19/21 | 99400 | 20070652015500056235/12.04.20 |
| 6 | ഫസ്റ്റ് ബെൽ -ടെലിവിഷൻ വാങ്ങൽ, 167/21 | 249900 | ചെക്ക് നം. 074882/16.03.21 |
| 7 | വയലാർ സാംസ്കാരിക നിലയം- പുസ്തകം, ഫർണീച്ചർ, 205/21 | 81503 | ചെക്ക് നം. 0109338/27.03.21 |
| | | 741567 | |

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം ഓഡിറ്റിന് രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുത്തുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ്. മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ, 2020-21 വർഷത്തെ ട്രഷറി ബിൽ ബുക്ക് എന്നിവ അടിയന്തിരമായി ഓഡിറ്റിനായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ, ഓഡിറ്റ് അന്വേഷണം എന്നിവ നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-20 എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസിലേക്ക് ക്യാബിൻ നിർമ്മാണം - അപാകത സംബന്ധിച്ച്

പ്രോജക്ട് നം - 13/21

പ്രോജക്ടിന്റെ പേര് - എം.ജി.എൻ.ആർ. ഇ.ജി.എസ് ഓഫീസിലേക്ക് ക്യാബിൻ നിർമ്മാണം

നിർവഹണം - സെക്രട്ടറി

ചെലവ് -149107/- (ട്രഷറി ബിൽ നം . 52/20-21/21-10-2020)

മേൽ പ്രോജക്ട് പ്രകാരം എൻ.ആർ.ഇ.ജി.എസ് ഓഫീസിൽ സിഡ്കോ വുഡ് വർക് ഷോപ്പിൽ നിന്നും ചുവടെ പറയുന്ന

സാധനങ്ങൾ വാങ്ങിയിട്ടുണ്ട് .

| വാങ്ങിയ സാധനം | നിരക്ക് | എണ്ണം | ആകെ തുക |
|---|---|---|---|
| Office Table Made Of Pre – Laminated MDF<br>Board Of 17mm Thickness With One Drawer One Cupboard Provision For Key Board (120x60x75cm) | 15300/- | 05 | 76500/- |
| L Shape Table Using MDF<br>One Drawer One Cupboard Provision For Key Board And Side Cupboard 135x60x75cm , 80x40x75cm | 19400/- | 01 | 19400/- |
| Medium Back Revolving Chair With Cushion | 4900/- | 06 | 29400/- |

ആകെ 125300

Gst -18%-22554
Flood Cess – 1%-1253
Grand Total- 149107

ടി പ്രവർത്തിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ടെണ്ടർ ക്ഷണിച്ചിട്ടില്ല. റേറ്റ് കോൺട്രാക്റ്റുള്ള സ്ഥാപനങ്ങളുടെ ഓഫർ പോലും ക്ഷണിച്ചിരുന്നില്ല. സിഡ്കോ ലഭ്യമാക്കിയ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ജി.ഒ.ആർ.ടി. നം.49/2019/എസ്.പി.ഡി. 14-11-2019 ഉത്തരവ് പ്രകാരം സിഡ്കോയുടെ സാധനങ്ങളുടെ വില സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഫർണീച്ചറുകളാണ് വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മൂല്യനിർണ്ണയം നടത്തിയിട്ടുമില്ല. ഇത് സംബന്ധിച്ച് 23-06-2022 ൽ സ്ഥലപരിശോധന നടത്തിയതിൽ രണ്ടാമത്തെ ഇനമായ L Shape Table Using MDF എന്ന ഐറ്റത്തിന്റെ സൈഡ് കബോഡായ 80x40x75 എന്ന സ്പെസിഫിക്കേഷനിലുള്ള ഐറ്റം ഓഫീസിൽ കാണാൻ സാധിച്ചില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നം . 10/20-21/ 23-06-22 ന് മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക, 19400 രൂപ തടസ്സത്തിൽ വയ്ക്കുന്നു .

## 1-21 സർക്കാർ മാർഗ്ഗനിർദ്ദേശത്തിലുൾപ്പെടുത്തിയിട്ടില്ലാത്ത ഇനത്തിനായി പദ്ധതി ഫണ്ട് വിനിയോഗിച്ചിരിക്കുന്നു

പ്രോജക്ട് നം - 106/21

പ്രോജക്ടിന്റെ പേര് - സൂര്യഗ്രാമം പദ്ധതി

നിർവഹണം - സെക്രട്ടറി

ചെലവ് -1267008/- (ട്രഷറി ബിൽ നം . 53/20-21/30-10-2020)

മേൽ പ്രോജക്ട് പ്രകാരം 7461 എണ്ണം LED ബൾബ് വാങ്ങിയിട്ടുണ്ട്. ഗ്രാമ പ്രദേശത്തെ വീടുകളിൽ വിതരണം ചെയ്യാനാണ് ഈ വിളക്കുകൾ വാങ്ങിയിട്ടുള്ളത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (കൈ) നം. 103/2020/ത.സ്വ.ഭ.വ./30-06-2020 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനമായ ഈ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം.4/20-21/23-06-22ന് മറുപടി നൽകിയിട്ടില്ല. വാങ്ങിയ ബൾബുകളുടെ സ്റ്റോക്ക്, വിതരണ വിവരം എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെയും വിതരരണ വിവരം രേഖപ്പെടുത്താതെയും പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെയും നടപ്പാക്കിയ ഈ പ്രോജക്ടിനായി ചെലവഴിച്ച തുക നിർവഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണയിക്കുന്നു. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ചെലവ് തുക 1267008/-രൂപ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

## 1-22 വിശപ്പ് രഹിത കുമാരപുരം പദ്ധതി-സംബന്ധിച്ച്

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ വിശപ്പ് രഹിത കുമാരപുരം(സ്നേഹ സാക്ഷ്യം) പദ്ധതിയിൽ തൻവർഷം(2020-21), ആകെ 15 ലക്ഷം രൂപ (വികസനഫണ്ടിൽ നിന്നും 1200000/- രൂപയും തനത് ഫണ്ടിൽ നിന്ന് 300000/-രൂപയും) ചെലവു ചെയ്തിട്ടുള്ളതായി കാണുന്നു.

ഭക്ഷണം പാകം ചെയ്യുന്നതിന് ശേഷിയില്ലാത്ത 75 വ്യക്തികൾക്കാണ് പദ്ധതി പ്രകാരം ദിവസേന ഭക്ഷണം പാകം ചെയ്തു നൽകിയിരിക്കുന്നത്. ഭക്ഷ്യവസ്തുക്കളുടെ വില, ഇന്ധനച്ചെലവ്, പാചകച്ചെലവ്, വണ്ടിക്കൂലി ഇനങ്ങളിലായാണ് ചെലവ് വന്നിട്ടുള്ളത്. ടി പദ്ധതിയുടെ ഗുണഭോക്താക്കളിൽ 22 പേർക്ക് അഗതി-ആശ്രയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യകിറ്റുകളും നൽകിയിട്ടുണ്ട്. സ.ഉ.(കൈ) നം.22/2018/ ത.സ്വ.ഭ.വ14-02-2018 ഖ. 4.1.1 പ്രകാരം ഭക്ഷണം പാകം ചെയ്യുന്നതിന് ശേഷിയില്ലാത്ത വ്യക്തികളെ, അഗതിആശ്രയ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ

ഉൾപ്പെടുത്തി പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്. അതിനായി എ.ഡി.എസ്, അംഗനവാടി, സന്നദ്ധ സംഘടനകൾ എന്നിവയെ ഏൽപ്പിക്കാവുന്നതും ഒരു വ്യക്തിക്ക് പരമാവധി 60 രൂപ വീതം ചെലവഴിക്കാവുന്നതുമാണ്. എന്നാൽ വിശപ്പ് രഹിത കുമാരപുരം പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച 75 വ്യക്തികളിൽ 53 വ്യക്തികളെ അഗതിആശ്രയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭക്ഷണം പാകം ചെയ്യാൻ പോലും സാധിക്കാത്ത വ്യക്തികളെ സ്ഥിരമായി നിർവ്വഹണം നടത്തിവരുന്ന അഗതിആശ്രയ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി അർഹമായ ആനുകൂല്യം നൽകിയിട്ടില്ല എന്നത് പരിഹരിക്കപ്പെടേണ്ടതുണ്ട്. കൂടാതെ, പദ്ധതി പ്രകാരം ഓരോ വാർഡിലേയും ഗുണഭോക്താക്കൾ ഭക്ഷണം കൈപ്പറ്റിയിട്ടുണ്ടെന്ന് പ്രതിദിനം വിതരണം ചെയ്യുന്ന ഭക്ഷണ ഇനങ്ങളുടെ വിവരമുൾപ്പെടുത്തിക്കൊണ്ട് ഭക്ഷണ വിതരണം മോണിറ്റർ ചെയ്യുന്നതിന് സംവിധാനമുണ്ടാകുന്നത് പദ്ധതിയുടെ സുതാര്യതയ്ക്ക് ആവശ്യമാണ്. നിലവിൽ ജനകീയ ഭക്ഷണ ശാലകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതായി അറിയിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികളെ അഗതി-ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന നിർദ്ദേശപ്രകാരം ആവശ്യമായ ആനുകൂല്യങ്ങൾ നല്കാവുന്നതാണ്, ഇപ്രകാരം അർഹരായവർക്ക് ആനുകൂല്യം ഉറപ്പാക്കിക്കൊണ്ട് തന്നെ പദ്ധതിച്ചെലവ് നിയന്ത്രിക്കാവുന്നതാണ്.

## 1-23 പി.എച്ച്.സി നവീകരണം , S0023/19- അപാകതകൾ

| | |
|---|---|
| അടങ്കൽ | 1100000(1000000, FCA+100000-NRMg) |
| കരാർ നം | കരാർ നം. 27/AE/13.01.2019 |
| കരാറുകാരൻ | സോമനാഥപണിക്കർ |
| എഗ്രീഡ്. പി.എ.സി | 1057391.76 |
| ആകെ മൂല്യം | 732050 |
| അവസാന അളവ് | 04.09.19 |
| എം ബുക്ക് നം | 28/18-19 |
| ചെലവ് വിവരം | 426398/25.07.19 (19-20)<br>305652/10/08.05.20 |

11 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയായിരുന്നു ഇത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല

പി.എച്ച്.സി നവീകരണം എന്ന പദ്ധതിയുടെ കരാർ പ്രകാരം 7 മാസമായിരുന്നു പൂർത്തീകരണ കാലയളവ്. 13.01.2019ൽ കരാർ ചമച്ച പ്രവൃത്തി 12.08.19 നകം പൂർത്തീകരിക്കേണ്ടിയിരുന്നു. 04.09.19 ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. എന്നാൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല. പ്രവൃത്തിയുടെ കാലതാമസത്തിന് ഫൈനൽ ബില്ലിൽ നിന്നും 1% പിഴ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. പി.എ.സി യുടെ(1057391.76) 1% , 10574ആണ് പിഴയായി ഈടാക്കാവുന്നത് എന്നിരിക്കെ ഫൈനൽ ബില്ലിന്റെ 1%, 3057 രൂപ മാത്രമാണ് ഈടാക്കിയത്. ബാലൻസ് ( 10574-3057 = 7517) ഈടാക്കേണ്ടതാണ്.

2) എസ്കവേറ്റ് ചെയ്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല

ഇനം. 1 പ്രകാരം 4.9 M3 മണ്ണ് എസ്കവേറ്റ് ചെയ്തിരുന്നു. കൂടാതെ ഇനം 5 ആയി 5.27 M3 @1350= 7114.5 എർത്ത് ഫില്ലിംഗും നടത്തിയിരുന്നു. എസ്കവേറ്റ് ചെയ്ത മണ്ണിന്റെ പുനരുപയോഗം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. (ഈ പരാമർശം മുൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/20-21), പിഴ ഈടാക്കിയതിൽ കുറവ് വന്ന തുക ഒടുക്കുവാൻ കോൺട്രാക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, പി.എച്ച്.സി കെട്ടിടത്തിന്റെ ചുറ്റിലും വെള്ളക്കെട്ട് ആയതിനാൽ എസ്കവേറ്റ് ചെയ്ത മണ്ണ് ടി പ്രദേശം ഉയർത്തുന്നതിന് വേണ്ടിയാണ് ഉപയോഗിച്ചതെന്നുമാണ് മറുപടി നൽകിയത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇത് പരാമർശിച്ചിട്ടില്ല. എം ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുമില്ല എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. പിഴ ഈടാക്കിയതിൽ കുറവ് വന്ന 7517 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 എസ്.റ്റി സാംസ്കാരിക നിലയത്തിൽ തറ ടൈൽ പാകല്, S0199/20 -ടെണ്ടർ കുറവ്

വരുത്തിയില്ല

| | |
|---|---|
| അടങ്കൽ | 100000 |
| കരാർ നം | 17/AE/LSGD/02.03.20 |
| കരാറുകാരൻ | സന്തോഷ്. കെ, 0.5% കുറവ് |
| ആകെ മൂല്യം | 85954.86 |
| എം ബുക്ക് നം | 39/19-20 |
| ചെലവ് വിവരം | (ജി.എസ്.റ്റി ഉൾപ്പെടെ) 96269/- Bill No.8/08.5.20 |

സാംസ്കാരിക നിലയത്തിൽ തറ ടൈൽ പാകൽ എന്ന പദ്ധതിക്ക് 0.5% കുറവ് നിരക്ക് ക്വോട്ട് ചെയ്ത സന്തോഷ്. കെ എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചത്. എന്നാൽ ആകെ മൂല്യത്തിൽ നിന്നും ഈ കുറവ് വരുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/20-21), തുക ഈടാക്കി ട്രഷറിയിൽ ഒടുക്കി രസീത് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പഞ്ചായത്ത് കമ്മറ്റി തീരുമാനം നടപ്പിലാക്കിയില്ല.

എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത 7 പ്രവൃത്തികൾക്ക് മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിന് കരാർ എടുത്ത ശ്രീ.ബിജു, പവിത്രം, എരിക്കാവ് ഏറ്റെടുത്ത പ്രവൃത്തികൾ ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ടി പ്രവൃത്തികൾ ക്യാൻസൽ ചെയ്ത് ഇ.എം.ഡി തിരികെ നൽകുവാൻ അപേക്ഷ നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് ആയത് ടിയാന്റെ ഇ.എം.ഡി യിൽ നിന്നും ഈടാക്കുന്നതിന് 16.10.20 ലെ 6(2) പ്രകാരം തീരുമാനിച്ചിരുന്നു.

| ക്രമ നം | പ്രവൃത്തി | ഇ.എം.ഡി |
|---|---|---|
| 1 | ഗോവാലിൽ കണ്ടലിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്, വാർഡ് 9 | 3200 |
| 2 | പഷ്ണവള്ളിൽ മുണ്ടോലിൽ ഓട, വാർഡ് -8 | 6100 |
| 3 | കൊപ്പാറ പഷ്ണവള്ളിൽ ഓട, വാർഡ് -8 | 6400 |
| 4 | തുണ്ടിൽ പഷ്ണവള്ളിൽ ഓട, വാർഡ് -8 | 6200 |
| 5 | മണിമന്ദിരം മാധവം ഓട, വാർഡ് -6 | 6400 |
| 6 | നേര്യംപറമ്പിൽ സംരക്ഷണ ഭിത്തി, വാർഡ് -6 | 10000 |
| 7 | ദർഭയിൽ കലുങ്ക് നിർമ്മാണം, വാർഡ് -14 | 1300 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/20-21), ഈ പ്രവൃത്തി പിന്നീട് നടപ്പിലാക്കുകയോ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന് അനുസൃതമായി കരാറുകാരന്റെ ഇ.എം.ഡി കണ്ടുകെട്ടുകയോ ചെയ്തിട്ടില്ല എന്നാണ് മറുപടി നൽകിയത്. പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന് അനുസൃതമായി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 പകൽ വീട് നിഷ്ക്രിയാസ്തിയായി നിലനിൽക്കുന്നു

പകൽ വീടിന് സ്റ്റോർ റൂം, അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തൻവർഷം ബിൽ നം. 4/21.04.20 പ്രകാരം 55314 രൂപ ചെലവഴിച്ചു. പകൽ വീട് നിലവിലും നിഷ്ക്രിയാസ്ഥിയായി നിലനിൽക്കുന്ന സാഹചര്യത്തിൽ ടി കെട്ടിടത്തിൽ വീണ്ടും തുക ചെലവഴിക്കുന്നതിന്റെ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/20-21), കോവിഡ് കാലത്ത് ടി കെട്ടിടത്തോട് ചേർന്നുള്ള ടോയിലറ്റിന്റെ വാതിൽ, സെപ്റ്റിക് ടാങ്കിലേക്കുള്ള പൈപ്പ് എന്നിവ സാമൂഹ്യ വിരുദ്ധർ നശിപ്പിച്ചതിനാൽ ടി മെയിന്റനൻസുകളും കൂടി പൂർത്തീകരിച്ച് പെയിന്റിംഗ് നടത്തി വൃത്തിയാക്കിയാൽ മാത്രമേ കെട്ടിടം ഉപയോഗ്യമാവുകയുള്ളൂ. ആയതിനാൽ തുടർ വർഷങ്ങളിൽ ഈ പ്രവൃത്തി കൂടി പൂർത്തീകരിച്ച ശേഷം പ്രവർത്തനം തുടങ്ങുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്. കെട്ടിടം പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ മത്സ്യകുഞ്ഞുങ്ങളുടെ വിതരണം 300000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

കുമാരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ മത്സ്യകുഞ്ഞുങ്ങളുടെ വിതരണം എന്ന പദ്ധതി പ്രകാരം കരിമീൻകുഞ്ഞുങ്ങളെ വാങ്ങി നൽകുന്നതിനായി 300000/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 20/21 |
| പ്രോജക്ട് | മത്സ്യകുഞ്ഞുങ്ങളുടെ വിതരണം |
| അടങ്കൽ | (29000 വികസന ഫണ്ട്)+11000 തനത് ഫണ്ട്) ആകെ301000 |
| ചെലവ് | 300000/- (290000/'ട്രഷറി ബിൽ നമ്പര് 5 *20-21 /14-05-20 10000( 74890/26-03-21*) |
| സ്ഥാപനത്തിന്റെപേര് | കീർത്തിറാം, വരാമി അക്വാഫാം, വലിയകുളങ്ങര, കാർത്തിക |

ടി തുക പൂർണ്ണമായും കീർത്തിറാം വരാമി അക്വാഫാം, വലിയകുളങ്ങര, കാർത്തിക എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ അപേക്ഷ ഫയലിൽ ലഭ്യമല്ല. ടി പദ്ധതിക്ക് വേണ്ടി ഗുണഭോക്താക്കളെ എങ്ങനെ തിരഞ്ഞെടുത്തുവെന്നുള്ളതും ഗുണഭോക്താക്കൾക്ക് കരിമീൻ കൃഷി നടപ്പിലാക്കാനുള്ള സൗകര്യങ്ങൾ ഉണ്ടോയെന്നുള്ള വിവരങ്ങളും പദ്ധതി നടപ്പാക്കിയ രീതി സംബന്ധിച്ചുള്ള യാതൊരുവിധ രേഖകളും ഫയലിൽ ലഭ്യമല്ല. ഫയലിനൊപ്പം പിന്നീട് സമർപ്പിച്ച വരാമി അക്വാ ഫിഷ് ഫാമിന്റെ ബില്ലിൽ(31-03-2020) 30000/- കരിമീൻ കുഞ്ഞുങ്ങളെ 10 രൂപ നിരക്കിൽ നൽകി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് കൈപ്പറ്റിയതിന്റെ വിവരത്തിനായി സമർപ്പിച്ച കൈപ്പറ്റ് വിവരങ്ങളുടെ ലിസ്റ്റിൽ 109 ഗുണഭോക്താക്കൾ മത്സ്യകുഞ്ഞുങ്ങളെ കൈപ്പറ്റിയിരിക്കുന്നതായി കാണുന്നു, ടി ഗുണഭോക്താക്കൾക്ക് 100% സബ്സിഡിയോട് കൂടിയാണ് മത്സ്യകുഞ്ഞുങ്ങളെ നൽകിയിരിക്കുന്നത്.

തദ്ദേശസ്ഥാപനങ്ങളുടെ വാർഷികപദ്ധതികൾ തയ്യാറാക്കൽ, സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച സ.ഉ.(കൈ) 22/18/ത.സ്വ.ഭ.വ തീയതി 14.2.18 നമ്പർ ഉത്തരവിലെ ഖണ്ഡിക 6-3 ബി പ്രകാരം കരിമീൻ കൂട് കൃഷിയാണ് പ്രതിപാദിച്ചിരിക്കുന്നത്. ഇതിന്റെ മാനദണ്ഡങ്ങൾ വ്യത്യസ്തവുമാണ്. അവ ഇവിടെ പാലിച്ചിട്ടുമില്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ സുഭിക്ഷകേരളം സബ്സിഡി മാർഗ്ഗരേഖയിലെ ഭേദഗതികളും കൂട്ടിച്ചേർക്കലുകളും അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് (നം സ.ഉ( സാധാ) നം 1009/20/29-05-20) ലെ ഖണ്ഡിക 4-2 മുതൽ 4-6 വരെ വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും, മാനദണ്ഡങ്ങളും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അതിന് അനുസൃതമായുള്ള പദ്ധതിയല്ല ഇവിടെ നടപ്പിലാക്കിയത്.

പൊതുനിബന്ധനകളിലെ ഖണ്ഡിക 2-1 പ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇതിൻ പ്രകാരം മേൽ പദ്ധതിക്ക് ആനുകൂല്യം നൽകുന്നതിന് സബ്സിഡി മാർഗ്ഗരേഖയിൽ അനുമതി നൽകിയിട്ടില്ല. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഒരിനത്തിനായി പ്രോജക്ട് ആവിഷ്കരിച്ച് തുക ചെലവഴിച്ചതിനും, പദ്ധതിയുടെ അപാകതകൾ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 26/25-06-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതിക്കായി ചെലവഴിച്ച 300000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ഇടവിളക്കൃഷി - അപാകത സംബന്ധിച്ച്

പ്രോജക്റ്റ് നം . 74/21

പ്രോജക്റ്റിന്റെ പേര് - ഇടവിളകൃഷി

ചെലവ് -

1) 442224/- (ട്രഷറി ബിൽ നം .04/20-21/24-02-21 )

2) 442890/-(ട്രഷറി ബിൽ നം .05/20-21/24-02-21 )

3) 88124/-(ട്രഷറി ബിൽ നം .06/20-21/10-03-21 )

മേൽ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ 1461 എണ്ണം ഇടവിളക്കിറ്റ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം | കിറ്റിന്റെ എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|
| AMB/175/20-21/20-01-21 | 664 | 666 | 442224/- |
| AMB/182/20-21/25-01-21 | 665 | 666 | 442890/- |
| AMB/205/20-21/09-02-21 | 132 | 666 | 87912/- |

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനിൽ നിന്നാണ് കിറ്റ് വാങ്ങി വിതരണം ചെയ്തത്. ഒരു കിറ്റിൽ ചേന, വലിയ ചേമ്പ്, കാച്ചിൽ എന്നീയിനങ്ങൾ ഉൾപ്പെടുത്തിയതായി കാണുന്നു. എന്നാൽ ഓരോ ഇനവും എത്ര കി.ഗ്രാം വീതമാണ് ഒരു കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് കൈകോ സമർപ്പിച്ച ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടില്ല. ഒരു കിറ്റിന്റെ നിരക്ക് 666/- രൂപ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടർ നടപടി ഒഴിവാക്കി നേരിട്ടാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. വാങ്ങൽ, പർച്ചേസ് സമിതി കൂടി അംഗീകരിച്ചിട്ടില്ല. പദ്ധതി മോണിട്ടർ ചെയ്തതിന്റെ റിപ്പോർട്ടില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം 22/20-21/24-06-22 ന് നൽകിയ വിശദീകരണത്തിൽ ഒരു കിറ്റിൽ 5.6 കിലോ ഗ്രാം ചേന, 3.5 കിലോ ഗ്രാം വലിയ ചേമ്പ്, 4.5 കിലോ ഗ്രാം കാച്ചിൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും നേരിൽ പരിശോധിച്ച് ഉറപ്പാക്കിയതാണെന്നും ബില്ലിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെയുടെ വിലയേക്കാൾ കുറഞ്ഞ നിരക്കിലും, ഗുണനിലവാരമുള്ളതുമായ സാധനങ്ങളാണ് വാങ്ങി വിതരണം ചെയ്തതെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട് .

സബ്സിഡി ഉത്തരവ് സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ/14-02-2018 പ്രകാരം കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ് കോർപറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK എന്നിവയിൽ നിന്നും വാങ്ങുമ്പോൾ യഥാർത്ഥ വില നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കും പ്രകാരം പദ്ധതി മോണിട്ടർ ചെയ്തത് സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സും ലഭ്യമാക്കിയിട്ടില്ല. വാങ്ങൽ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കും പ്രകാരമുള്ള പർച്ചേസ് സമിതി കൂടി വാങ്ങൽ അംഗീകരിച്ചിട്ടില്ല . കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ് . ബില്ലിലെ അപാകതയുടെ അടിസ്ഥാനത്തിലും മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടിന്റെ അഭാവത്തിലും മേൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. പ്രവർത്തി സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

## 1-29 വെള്ളക്കരം കുടിശ്ശിക

20-21 സാമ്പത്തിക വർഷത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം അടക്കുവാനായി 30/21 എന്ന പ്രോജക്ട് വെച്ച് പ്രതിമാസമുള്ള വെള്ളക്കരം അടച്ചിട്ടുണ്ട്. എന്നാൽ കുടിശ്ശിക അടവാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. വർഷാരംഭത്തിൽ കുടിശ്ശിക 149034/- രൂപയായിരുന്നത് വർഷാവസാനമായപ്പോൾ 401291/- രൂപയായി വർദ്ധിച്ച ( 02/2021 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം). പ്രതിമാസം ഡിമാന്റ് ചെയ്യുന്ന 2% ഫൈൻ ഇനത്തിൽ ഉള്ള തുകയാണ് ഇപ്രകാരം കുടിശ്ശിക വർദ്ധിക്കാൻ കാരണമാകുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം . 19/20-21/24-06-2022 ന് നൽകിയ വിശദീകരണത്തിൽ നിലവിലെ കുടിശ്ശിക (ജൂൺ 2022 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം) 263334/- രൂപയാണെന്നും ടി കുടിശ്ശിക തുക മുൻകാലങ്ങളിൽ ഒടുക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതായും ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വ്യക്തത വരുത്തിയ ശേഷം തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക അടക്കാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതും ഫൈൻ ഇനത്തിൽ ഉണ്ടാകുന്ന അധിക ബാദ്ധ്യത ഒഴിവാക്കേണ്ടതുമാണ് .

## 1-30 കന്നുകുട്ടി പരിപാലനം ,S044/20 - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ബിൽ നം. 4/27.03.21 പ്രകാരമുള്ള 312500 രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(12/20-21), പദ്ധതി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തീകരിക്കുന്ന മുറക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല .

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകളിൽ ചുവടെ പറയുന്ന പ്രോജക്ടുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല .

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ട്രഷറി ബിൽ നം . | തുക കൈപ്പറ്റിയ ആൾ /സ്ഥാപനം |
|---|---|---|---|---|
| 29/21 | ഐ.കെ.എം . ന് വിഹിതം നൽകൽ | 67710/- | 17/20-21 /08-06-2020 | ഐ.കെ.എം |
| 28/21 | എസ്.എസ്.എ വിഹിതം നൽകൽ | 600000/- | 20/20-21 /08-06-2020 | ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർ , ആലപ്പുഴ |

മേൽ ചെലവ് തുകകളുടെ വിനിയോഗ വിവരവും വിനിയോഗസാക്ഷ്യപത്രവും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 21/20-21 /24-06-22 ന് മറുപടി നൽകിയിട്ടില്ല.

## 1-32 കക്കൂസ് മെയിന്റനൻസ് - ഗവ.നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

നിർവ്വഹണം - വി.ഇ.ഒ

2020-21 വർഷം താഴെ പറയുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് | അടങ്കൽ, ഫണ്ട് | ചെലവ് തുക |
|---|---|---|
| ടോയ് ലെറ്റ് മെയിന്റനൻസ് 209/120-21 | 334880, ധനകാര്യകമ്മീഷൻ അവാർഡ്<br>1800/- തനത് ഫണ്ട്<br>ആകെ3402800 | 3344880 |

| | | |
|---|---|---|
| | | |
| കക്കൂസുകളുടെ അറ്റകുറ്റപണി (സ്പിൽ ഓവർ) | 381720(വികസന ഫണ്ട്)<br>440640(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ആകെ 822360 | 766920 |

തദ്ദേശസ്വയംഭരണവകുപ്പിന്റെ 30/09/2019 ലെ ജിഒ(ആർ.ടി)നം 2128/2019 നം ഉത്തരവ് പ്രകാരം ശൗചാലയങ്ങൾ സെപ്റ്റിക് ടാങ്ക് സഹിതം പുനർനിർമ്മിയ്ക്കുന്നതിന് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വേണം എന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്, എന്നാൽ പഞ്ചായത്തിലെ ടി പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും എസ്റ്റിമേറ്റില്ലാതെയാണ് പദ്ധതിയ്ക്ക് പണം അനുവദിച്ചിരിയ്ക്കുന്നത്, മാത്രമല്ല ഇതിനോടൊപ്പം ഹാജരാക്കിയിരിയ്ക്കുന്ന വാല്യവേഷൻ സർട്ടിഫിക്കറ്റിൽ ഇത്ര രൂപ ചെലവഴിച്ചു എന്ന് മാത്രമാണ് രേഖപ്പെടുത്തുന്നത്. ചെയ്ത പ്രവൃത്തിയുടെ വിശദാംശം ഉൾപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശാനുസൃതം നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-33 വാഹനവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രേഖകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നില്ല .

വാഹനവുമായി ബന്ധപ്പെട്ട് ലോഗ് ബുക്ക് മാത്രമെ സൂക്ഷിക്കുന്നുള്ളു. വാഹനവുമായി ബന്ധപ്പെട്ട് ജി.ഒ.പി.നം 161/2006 /ഫിൻ/31-03-2006 പ്രകാരമുള്ള വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കുന്നില്ല. ഇതിൽ വാഹനത്തിന്റെ തരം, മോഡൽ, രജി.നമ്പർ, എൻജിൻ സ്പെസിഫിക്കേഷൻ, ഫ്ളൂയിഡ് സ്പെസിഫിക്കേഷൻ, ഓഫീസർ ഇൻ ചാർജ്ജ് ഓഫ് വെഹിക്കിൾ, ഇൻഷുറൻസ് പോളിസി ഡീറ്റെയിൽസ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, മന്തിലി ലോഗ് ബുക്ക് സമ്മറി, റിപ്പയർ ആന്റ് മെയിന്റനൻസ് ഡീറ്റെയിൽസ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇന്ധന ഉപഭോഗം സംബന്ധിച്ച സാക്ഷ്യ പത്രം കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്കിൽ പതിക്കുന്നില്ല. 20-21 സാമ്പത്തിക വർഷത്തിൽ ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല. പിന്നീട് നടത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചിട്ടില്ല. വാഹനത്തിന്റെ പരിപാലനം സംബന്ധിച്ച നടപടിക്രമങ്ങൾ ശരിയായ രീതിയിൽ നിർവഹിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 ലൈഫ് ഭവനപദ്ധതി -അവലോകനം

1)ലൈഫ് ഭവനപദ്ധതി പ്രകാരം 2020-21 വരെ 303 ആകെ ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. ജനറൽ വിഭാഗത്തിലുള്ള 285 പേരും എസ്.സി വിഭാഗത്തിലുള്ള 15 പേരും, എസ് ടി 3 പേരും. ജനറൽ വിഭാഗത്തിലെ 285 ഗുണഭോക്താക്കളിൽ 278 പേരും, എസ് ടി വിഭാഗത്തിൽ 2 പേരും, എസ് സി വിഭാഗത്തിൽ 9 പേരു ഭവനനിർമ്മാണം പൂർത്തീകരിച്ചതാണ്. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് മേൽവിലാസം | ജനറൽ/എസ് സി | പണി പൂർത്തീകരിച്ച സ്റ്റേജ് | നൽകിയ ആകെ തുക |
|---|---|---|---|---|
| 1 | വിനീഷ് ചാലുങ്കൾ | ജനറൽ | അടിത്തറ | 200000 |
| 2 | രാധ കൊച്ചുപറമ്പിൽ | ജനറൽ | പണി ആരംഭിച്ചിട്ടില്ല | 40000 |
| 3 | ജയമോൾ ഗോകുലം | ജനറൽ | പണി ആരംഭിച്ചിട്ടില്ല | 40000 |
| 4 | രഘു കുന്നേൽ | ജനറൽ | പണി ആരംഭിച്ചിട്ടില്ല | 40000 |
| 5 | ഷീല ചിത്രഭവനം | ജനറൽ | പണി ആരംഭിച്ചിട്ടില്ല | 40000 |

| | | | | |
|---|---|---|---|---|
| 6 | സുലോചനന ചൈതന്യ | ജനറൽ | പണി ആരംഭിച്ചിട്ടില്ല | 40000 |
| 7 | കമലാസനൻ കൊച്ചുപറമ്പിൽ | ജനറൽ | പണി ആരംഭിച്ചിട്ടില്ല | 40000 |
| 8 | വത്സല കുമാരി കൊല്ലന്റെ തെക്കതിൽ | എസ്.സി | പണി ആരംഭിച്ചിട്ടില്ല | 40000/23-03-21 |
| 9 | ചന്ദ്രമതി പുത്തെൻ കണ്ടത്തിൽ | എസ്.സി | പണി ആരംഭിച്ചിട്ടില്ല | 40000/23-03-21 |
| 10 | ശ്രീലത ശ്രീലകം | എസ്.സി | പണി ആരംഭിച്ചിട്ടില്ല | 40000/23-03-21 |
| 11 | ശ്രീലത പുത്തെൻചിറ | എസ്.സി | പണി ആരംഭിച്ചിട്ടില്ല | 40000/23-03-21 |
| 12 | ശിവദാസൻ മാലതി | എസ്.സി | പണി ആരംഭിച്ചിട്ടില്ല | 40000/23-03-21 |
| 13 | മീനാക്ഷി ശ്രീജിത്ത് | എസ്.സി | പണി ആരംഭിച്ചിട്ടില്ല | പുതുതായി കരാർ വെച്ചത്, തുക നൽകിയിട്ടില്ല |
| 14 | സന്തോഷ് മുണ്ടോളിൽ തെക്കതിൽ | എസ്.റ്റി | | പുതുതായി കരാർ വെച്ചത്, തുക നൽകിയിട്ടില്ല |

മേൽ പട്ടികയിലെ ക്രമ നം.3, ജയമോൾ ഗോകുലം എന്നയാൾക്ക് ഗ്രാമസഭ ലിസ്റ്റ് അംഗീകരിയ്ക്കുന്ന സമയത്ത് 35 സെന്റ് വസ്തു ഉണ്ടായിരുന്നുവെന്നും, എന്നാൽ കരാർ വെയ്ക്കുന്ന സമയത്ത് 11 സെന്റ് വസ്തു സഹോദരന് കൈമാറുകയും ചെയ്തിട്ടുള്ളതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ ഇത് കണ്ടെത്തുകയും ബാക്കി ഗഡുക്കൾ നൽകുന്നത് തടസ്സപ്പെടുത്തുകയും ചെയ്തു എന്ന് അറിയിച്ചിട്ടുണ്ട്. ടിയാൻ ജില്ലാ കളക്ടർക്ക് പരാതി നൽകിയിട്ടുള്ളതും സെക്രട്ടറി തുടർനടപടികൾ സ്വീകരിച്ച് വരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ ഈ വിഷയം അവതരിപ്പിച്ച് മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ പ്രകാരം 12 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട് ഇതിൽ 6 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പണിപൂർത്തീകരിയ്ക്കാൻ ബാക്കിയുള്ളവരുടെ വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | പേര് മേൽവിലാസം | ജനറൽ/എസ് സി | സ്ഥലം വാങ്ങിയതിന് നൽകിയ തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ഷീജ ഉല്ലാസ് ചാന്ദ്രാലയം | ജനറൽ | 200000/2020-21 | ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ ഭൂമി കണ്ടെത്തി, ആ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു. |

| | | | | |
|---|---|---|---|---|
| 2 | ലക്ഷ്മി കുട്ടി രാഹുൽ നിവാസ് | ജനറൽ | 200000/2020-21 | 2022-മാർച്ച് മാസത്തിൽ ഭൂമി വാങ്ങി കരാർ നടപടികൾ നടക്കുന്നു |
| 3 | രമേശൻ കൊല്ലെത്ത് | ജനറൽ | 200000/2020-21 | 2022-മാർച്ച് മാസത്തിൽ ഭൂമി വാങ്ങി കരാർ നടപടികൾ നടക്കുന്നു |
| 4 | ശാന്തമ്മാൾ കുന്നേൽ | ജനറൽ | 200000/2020-21 | Noc ലഭിയ്ക്കുന്നതിൽ താമസം നേരിട്ടു കരാർ വെച്ചിട്ടുണ്ട് |
| 5 | രാധാമണി പീടികയിൽ | ജനറല്ഡ | 200000/20-21 | 2022-മാർച്ച് മാസത്തിൽ ഭൂമി വാങ്ങി കരാർ നടപടികൾ നടക്കുന്നു |
| 6 | വിജയമ്മ പീടികയിൽ | ജനറൽ | 200000/20-21 | 2022-മാർച്ച് മാസത്തിൽ ഭൂമി വാങ്ങി കരാർ നടപടികൾ നടക്കുന്നു |

ഭവനപദ്ധതി തുടങ്ങാത്ത ഗുണഭോക്താക്കൾക്ക് നേരിട്ടും നോട്ടീസ് മുഖേനയും ഭവനനിർമ്മാണം തുടങ്ങേണ്ടതാണെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്നും അറിയിക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും കൂടാതെ പ്രസിഡന്റിന്റെയും മെമ്പർമാരുടെയും സാന്നിധ്യത്തിൽ ഗുണഭോക്താക്കളെ വിളിച്ചുകൂട്ടി അവരുടെ പ്രശ്നങ്ങൾ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സന്നദ്ധസംഘടനകളുടെയും വാർഡ് സമിതികളുടെയും സഹകരണത്തോട് കൂടി ആവശ്യമായ സഹായങ്ങൾ നൽകി ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഗൃഹനിർമ്മാണം തുടങ്ങാത്ത ഗുണഭോക്താക്കൾ ഭവനനിർമ്മാണം തുടങ്ങാത്തപക്ഷം ഇവരിൽ നിന്നും നൽകിയ തുക പലിശസഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-35 ഹരിതകർമ്മസേന - പ്രവർത്തനം ശ്ലാഘനീയം

മാലിന്യ നിർമ്മാർജ്ജനത്തിനൊപ്പം സംരംഭകത്വശേഷിവികസനവും പ്രാപ്തമാക്കുന്ന വിധമാണ് ഈ തൊഴിൽ സംരംഭം വിഭാവനം ചെയ്തിരിക്കുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു. ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചത് 2019 മാർച്ച് മുതലാണ് മുതലാണ്. രൂപീകരണ സമയത്ത് 15 വാർഡിലായി 30 അംഗങ്ങൾ ഉണ്ടായിരുന്നു.

നിലവിൽ 21 അംഗങ്ങൾ ഉണ്ട്. ഈ അംഗങ്ങളെ ഉൾപ്പെടുത്തി 03 മൈക്രോസംരംഭ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തി ടി പ്രവർത്തനങ്ങളിലൂടെ വരുമാനം കണ്ടെത്തുന്ന തൊഴിൽ ഗ്രൂപ്പുകളാണ് ഹരിതകർമ്മസേന മൈക്രോ സംരംഭ ഗ്രൂപ്പുകൾ. മൈക്രോസംരംഭ ഗ്രൂപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹരിത കർമ്മസേനയുടെ നോഡൽ ഏജൻസിയായി IRTC യെ നിയമിച്ചിട്ടുണ്ട്. വാതിൽപ്പടി ശേഖരണം, പ്ലാസ്റ്റിക് തരംതിരിക്കൽ, രജിസ്റ്റർ എഴുതലും സൂക്ഷിക്കലും, രസീത് ബുക്ക് കൈകാര്യം ചെയ്യൽ, തരംതിരിച്ച പ്ലാസ്റ്റിക് ബൈലിംഗ് ചെയ്യൽ, പൊടിക്കൽ എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വരുന്ന വാണിജ്യ അവസരങ്ങൾ ഒരു തൊഴിൽ സംരംഭം എന്ന നിലയിൽ പ്രയോജനപ്പെടുത്തി ഇതിലേർപ്പെടുന്ന തൊഴിൽ സംരംഭകർക്ക് മികച്ച വരുമാനം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

മാലിന്യശേഖരണത്തിനായി യൂസർ ഫീ ഇനത്തിൽ 50/- രൂപ നിരക്കിലും കടകളിൽ നിന്നും 100/- രൂപ നിരക്കിലും യൂസർ ഫീ വാങ്ങുന്നുണ്ട് . ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക് വിൽക്കുന്ന വകയിലും വരുമാനം ലഭിക്കുന്നു . ഹരിതകർമ്മസേന ശേഖരിക്കുന്ന യൂസർ ഫീ കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിലാണ് അടക്കുന്നത്. ഈ അക്കൗണ്ടിൽ നിലവിൽ (21.06.22), 710155.25 രൂപ നീക്കിയിരുപ്പുണ്ട്.

വരവ് സംബന്ധിച്ച കണക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെങ്കിലും ചെലവിന്റെ കണക്ക് കൃത്യമായി രേഖപ്പടുത്തി സൂക്ഷിക്കുന്നില്ല. വരവ് ചെലവ് സംബന്ധിച്ച് കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്. വരവ്, ചെലവ് എന്നിവയുള്ള ദിവസങ്ങളിൽ കൃത്യമായി തീയതി, ഇനം, തുക എന്നിവ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് .

പ്രിന്റ് ചെയ്യുന്ന രസീതു ബുക്കുകളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. രസീതു ബുക്കുകൾ ലഭിക്കുന്ന തീയതി, എണ്ണം, ആർക്ക് കൊടുത്തു, കൊടുത്ത തീയതി, നീക്കിബാക്കി എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ് .

ഹരിത കൺസോർഷ്യത്തിന്റെ കണക്ക് പുസ്തകങ്ങൾ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്. ഹരിതസംരംഭം, ഹരിതകൺസോർഷ്യം എന്നിവയുടെ ഓഡിറ്റിംഗ് കാസ് മുഖേന എല്ലാ സാമ്പത്തിക വർഷവും പൂർത്തീകരിക്കേണ്ടതാണ്.

മാലിന്യം സൂക്ഷിക്കുന്നതിനായി പഞ്ചായത്തിൽ 1500 സ്ക്വയർ ഫീറ്റ് വലുപ്പമുള്ള എം.സി.എഫ് ഉണ്ട്. വാർഡ് തലത്തിൽ MGNREGS മുഖേന 15 മിനി എം.സി.എഫ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. മാലിന്യം കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 08.12.21 മുതൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 08.12.21 മുതൽ 04.02.22 വരെ 821.4 കിലോ പ്ലാസ്റ്റിക് പൊടിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഷ്രഡഡ് പ്ലാസ്റ്റിക് വിറ്റുപോയിട്ടില്ല. പൊടിച്ച പ്ലാസ്റ്റിക്കുകൾ ഗ്രാമപഞ്ചായത്തിലെ ടാറിംഗ് പ്രവർത്തികളിൽ ഉപയോഗിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിൽ 2020-21 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 135 പ്രവർത്തികളാണ് എറ്റെടുത്തത്.

പ്രവർത്തികളുടെ വിവരം:-

1.റോഡ് ഗ്രാവലിംഗ്-2എണ്ണം

2.മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി നീർച്ചാലുകളുടെ നിർമ്മാണം-49എണ്ണം

3.കൃഷിക്ക് അടിസ്ഥാന സൌകര്യമൊരുക്കൽ-49എണ്ണം

4.സുഭിക്ഷ കേരളം ഗ്രൂപ്പുകൾക്ക് കൃഷിക്ക് അടിസ്ഥാന സൌകര്യം-13

5.ലൈഫ് ഭവന പദ്ധതി-13

6.കാലിത്തൊഴുത്ത്-2

7.ആട്ടിൻകൂട്-3

8.കോഴിക്കൂട്-3

9.സോക്ക്പിറ്റ്-1

തൊഴിലുറപ്പ് പദ്ധതിയുടെ തൻവർഷത്തെ ഭരണ ചെലവ് 1968176/-

ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയ തുക: 67947918/-

വിവിധ മേഖലകളിലായി 135 പ്രവർത്തികളാണ് എറ്റെടുത്ത് പൂർത്തീകരിച്ചത്.

തൊഴിലാളികളുടെ വിവരം:-

2020-21വരെ ആകെ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 4220പേർ.

2020-21വർഷം പുതുതായി തൊഴിലാളികൾ രജിസ്റ്റർ ചെയ്തത് 210പേർ

മസ്റ്റർ റോൾ പ്രകാരം തൻവർഷം തൊഴിൽ ദിനങ്ങൾ അനുവദിച്ച ഗുണഭോക്താക്കൾ(ആബ്സന്റ് ആയവർ ഉൾപ്പെടെ)-3677 പേർ

100 തൊഴിൽദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങളുടെ എണ്ണം: 916

## 1-37 കോവിഡ് -19 പ്രതിരോധ പ്രവർത്തനം -അവലോകനം

കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഞ്ചായത്തിൽ നിന്ന് ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.
കുമാരപുരം പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പരിധിക്ക് കീഴിൽ 2020 മാർച്ച് മാസം മുതൽ 2022 ജൂൺ വരെ ആകെ 2296 പേർക്ക് കോവിഡ് രോഗം ബാധിച്ചു . ഇതിൽ 52 പേർ മരണപ്പെട്ടു . വീടുകളിൽ ഐസലേഷനിൽ കഴിയുന്നവരെ ഫോൺ മുഖാന്തിരം ദിവസവും വിളിക്കുകയും രോഗവിവരങ്ങൾ അന്വേഷിക്കുകയും മരുന്നുകൾ ഫീൽഡ് സ്റ്റാഫ് വഴി വീടുകളിൽ എത്തിക്കുകയും ചെയ്തു ഓക്സിജന്റെ അളവ് കൃത്യമായി നോക്കുന്നതിന് പൾസ് ഓക്സിമീറ്റർ നൽകി . ഭക്ഷണ സാമഗ്രികൾ ,മറ്റ് അത്യാവശ്യ സാധനങ്ങൾ എന്നിവ വിതരണം ചെയ്തു

പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും കോവിഡ് പ്രതിരോധ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. വാർഡ് തല കമ്മിറ്റികൾ എല്ലാ ദിവസവും യോഗം കൂടി അവസ്ഥ വിലയിരുത്തിയിരുന്നു. 2020 മാർച്ച് അവസാനത്തോടെ 50 വീടുകൾക്ക് ഒരു സ്ക്വാഡ് എന്ന നിലയിൽ വോളന്റിയേഴ്സിനെക്കൂടി ഉൾപ്പെടുത്തി ക്വാറന്റീനിൽ ഇരിക്കുന്നവർക്ക് ഭക്ഷണം, അത്യാവശ്യ മരുന്നുകൾ, മാസ്ക്, സാനിറ്റൈസർ എന്നിവ വിതരണം ചെയ്തു. കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ച് അർഹതപ്പെട്ടവർക്ക് സൗജന്യമായും അല്ലാത്തവർക്ക് 25/- രൂപ നിരക്കിലും ഭക്ഷണം വിതരണം ചെയ്തു. കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനം 04-07-2020യിൽ അവസാനിച്ചു. കോവിഡ് കെയർ സെന്റർ ആരംഭിച്ചു. പൊതു ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി മരുന്നു വണ്ടി, സഞ്ചരിക്കുന്ന ഹോമിയോ ആശുപത്രി എന്നീ പദ്ധതികൾ നടപ്പാക്കി. അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങൾ സംയുക്തമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സജീവമാക്കി. കോവിഡ് 19 ന്റെ കാലയളവിൽ ഒന്നാം ഘട്ടം ഏറ്റവും സങ്കീർണമായിരുന്നിട്ടും ഒറ്റക്കെട്ടായ പ്രവർത്തനങ്ങളുടെ ഫലമായി കണ്ടെയിൻമെന്റ് സോണാകാതെ ശ്രദ്ധിക്കാൻ കഴിഞ്ഞു . 06 പേരടങ്ങുന്ന ഹരിതകർമ്മസേനയുടെ ഡിസ്ഇൻഫെക്ഷൻ ടീം ഗ്രാമ പഞ്ചായത്തിലെ അണു നശീകരണ പ്രവർത്തനങ്ങളിൽ സജീവമായി .

09-05-2020 ൽ കോവിഡ് കെയർ സെന്റർ ഹരിപ്പാട് മംഗല്യ റെസിഡൻസിയിൽ ആരംഭിച്ചു. 09-11-2020 യിൽ പ്രവർത്തനം അവസാനിച്ചു. ആകെ 131 പേർ ഇവിടെ താമസിച്ചു. ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായി ഏറ്റെടുത്ത ഹുദ ട്രസ്റ്റ് പബ്ലിക് സ്കൂളിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തെങ്കിലും പ്രവർത്തനം ആരംഭിക്കേണ്ടി വന്നില്ല.
വാക്സിൻ സ്വീകരിച്ചവരുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| പ്രായപരിധി | ആദ്യ ഡോസ് സ്വീകരിച്ചവർ | രണ്ടാം ഡോസ് സ്വീകരിച്ചവർ | വാക്സിൻ സ്വീകരിക്കാത്തവർ |
|---|---|---|---|
| 18 വയസ്സിന് മുകളിൽ | 17884 | 17738 | 277 |
| 12മുതൽ 14 വയസ്സ് വരെ | 693 | 644 | 24 |
| 15മുതൽ 18 വയസ്സ് വരെ | 989 | 961 | 22 |

കോവിഡുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവർത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| പ്രോജക്ട് നം , പേര് | ചെലവഴിച്ച തുക |
|---|---|
| 01/20-21 , കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 1436870/- |
| 94/20-21 , കമ്മ്യൂണിറ്റി കിച്ചൺ സൗജന്യ ഊണിനുള്ള സഹായം | 147873/- |
| 127/20-21 , ഹരിത കർമ്മ സേനക്ക് ഗംബൂട്ട് , മാസ്ക് , ഗ്ലൗസ് വാങ്ങൽ | 61823 |
| 128/20-21 , ജീവൻ രക്ഷാ മരുന്ന് വാങ്ങൽ | 199995/- |
| 129/20-21 , അത്യാവശ്യ മരുന്നുകൾ | 285625 |
| 149/20-21 , NCD മരുന്ന് വാങ്ങൽ | 350000/- |
| 123/20-21 , മൊബൈൽ ഹോമിയോ ക്ലിനിക് | 130000/- |
| 130/20-21, ശുചീകരണ തൊഴിലാളികൾക്ക് ഗംബൂട്ട്, മാസ്ക്, ഗ്ലൗസ് വാങ്ങൽ | 2800/- |
| 143/20-21 , കമ്മ്യൂണിറ്റി കിച്ചൺ | 213019 |

വ്യത്യസ്ഥവും മികവുറ്റതുമായ പ്രവർത്തനങ്ങളിലൂടെ സാമൂഹിക സന്നദ്ധ സേനയെ നന്നായി പ്രയോജനപ്പെടുത്തിയ ഗ്രാമ പഞ്ചായത്തിനുള്ള 2020 ലെ മികച്ച പഞ്ചായത്ത്, മികച്ച നോഡൽ ഓഫീസർ, മികച്ച സ്റ്റാർ ടീം എന്നീ ജില്ലാ ഭരണകൂടത്തിന്റെ അവാർഡിന് പഞ്ചായത്ത് അർഹമായി.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഡി & ഒ ലൈസൻസിനുള്ള മോട്ടർ ഫീസ് ഈടാക്കിയില്ല

1996 കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 18,19 പട്ടിക III പ്രകാരമുള്ള ഡി & ഒ ലൈസൻസിനുള്ള മോട്ടർ ഫീസ് ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.20/24.06.22) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ലൈസൻസിയുടെ പേര്, സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ്, രസീത് നം., തീയതി | ഈടാക്കേണ്ട മോട്ടർ ഫീസ് |
|---|---|---|---|
| 1 | ജയലക്ഷ്മി, കാർത്തിക ഇൻഡസ്ട്രീസ് (ഹൈസ് ബ്ലോക്സ് നിർമ്മാണം) | ലൈസൻസ് ഫീസ്- 2500/-<br>സ്ഥാപന തൊഴിൽ നികുതി- 2500/-<br>ഫോം ഫീസ്- 5/-<br>രസീത് നം. 119030104313, 4/03/20 | 54.5Hp (PCB/ALP /UCO-2155/11, 21/10/20 )<br>മോട്ടർ ഫീസ്- 1000/- |

| | | | |
|---|---|---|---|
| 2 | എസ്.ഗോപാലകൃഷ്ണൻ നായർ, കീർത്തി പി.വി.സി പ്രോഡക്ട്സ് ലിമിറ്റഡ് (പി.വി.സി പൈപ്പ് നിർമ്മാണം, സ്റ്റോക്ക് ചെയ്യൽ വിൽപന) | ലൈസൻസ് ഫീസ്- 1500/-<br>സ്ഥാപന തൊഴിൽ നികുതി- 2500/-<br>ഫോം ഫീസ്- 5/-<br>രസീത് നം.119030104339, 119030104340, 6/03/20 | 30Hp<br>മോട്ടർ ഫീസ്- 400/- |
| 3 | രതീശൻ എം, ചാലിൽ (ഫർണ്ണീച്ചർ നിർമ്മാണം) | ലൈസൻസ് ഫീസ്- 500/-<br>സ്ഥാപന തൊഴിൽ നികുതി- 900/-<br>ഫോം ഫീസ്- 5/-<br>രസീത് നം. 119030104297, 3/03/20 | 5Hp (PCB/ALP /UCO-3116/14, 30/09/2019 )<br>മോട്ടർ ഫീസ്- 100/- |
| 4 | ഷാജി കെ, കെ.എൻ.കെ എന്റർപ്രൈസസ് (പ്രിന്റിംഗ് പ്രസ്സ്) | ലൈസൻസ് ഫീസ്- 500/-<br>സ്ഥാപന തൊഴിൽ നികുതി- 900/-<br>ഫോം ഫീസ്- 5/-<br>രസീത് നം. 120150100576, 23/10/20 | 2 Hp<br>മോട്ടർ ഫീസ്- 50/- |

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഹെഡ് മാസ്റ്റർ രേഖകൾ ഹാജരാക്കിയില്ല

കുമാരപുരം ഗ്രാമ പഞ്ചായത്തിൽ ഗവ. എൽ.പി സ്കൂൾ ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥയായി 2020 -2021 സാമ്പത്തിക വർഷം 10 പ്രോജക്ടുകൾ(സ്പിൽ ഓവർ-4, പുതിയത്-6) ആവിഷ്കരിച്ചിരുന്നു. ഇതിൽ 7 പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് | ചെലവ് തുക |
|---|---|---|
| 1 | മുന്നേറ്റം | 115000 |
| 2 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം | 47843 |
| 3 | പട്ടികജാതി കുട്ടികൾക്ക് ലാപ് ടോപ്പ് | 137370 |
| 4 | സാംസ്കാരിക നിലയത്തിലേക്ക് പത്ര മാസിക | 10551 |
| 5 | എരിക്കാവ് ഗവ യു.പി.എസ് ന് ഫർണീച്ചർ | 99400 |
| 6 | ഫസ്റ്റ് ബെൽ -ടെലിവിഷൻ വാങ്ങൽ | 249900 |
| 7 | വയലാർ സാംസ്കാരിക നിലയം- പുസ്തകം, ഫർണീച്ചർ | 81503 |

| | | |
|---|---|---|
| | | 741567 |

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം ഓഡിറ്റിന് രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുത്തുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ്. മേൽ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ, 2020-21 വർഷത്തെ ട്രഷറി ബിൽ ബുക്ക് എന്നിവ അടിയന്തിരമായി ഓഡിറ്റിനായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ, ഓഡിറ്റ് അന്വേഷണം എന്നിവ നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 പി.എച്ച്.സി നവീകരണം , S0023/19- അപാകതകൾ

| | |
|---|---|
| അടങ്കൽ | 1100000(1000000, FCA+100000-NRMg) |
| കരാർ നം | കരാർ നം. 27/AE/13.01.2019 |
| കരാറുകാരൻ | സോമനാഥപണിക്കർ |
| എഗ്രീഡ്. പി.എ.സി | 1057391.76 |
| ആകെ മൂല്യം | 732050 |
| അവസാന അളവ് | 04.09.19 |
| എം ബുക്ക് നം | 28/18-19 |
| ചെലവ് വിവരം | 426398/25.07.19 (19-20)<br>305652/10/08.05.20 |

11 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയായിരുന്നു ഇത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല

പി.എച്ച്.സി നവീകരണം എന്ന പദ്ധതിയുടെ കരാർ പ്രകാരം 7 മാസമായിരുന്നു പൂർത്തീകരണ കാലയളവ്. 13.01.2019ൽ കരാർ ചമച്ച പ്രവൃത്തി 12.08.19 നുള്ളിൽ പൂർത്തീകരിക്കേണ്ടിയിരുന്നു. 04.09.19 ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. എന്നാൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല. പ്രവൃത്തിയുടെ കാലതാമസത്തിന് ഫൈനൽ ബില്ലിൽ നിന്നും 1% പിഴ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. പി.എ.സി യുടെ(1057391.76) 1% , 10574ആണ് പിഴയായി ഈടാക്കാവുന്നത് എന്നിരിക്കെ ഫൈനൽ ബില്ലിന്റെ 1%, 3057 രൂപ മാത്രമാണ് ഈടാക്കിയത്. ബാലൻസ് ( 10574-3057 = 7517) ഈടാക്കേണ്ടതുണ്ട്.

2) എസ്കവേറ്റ് ചെയ്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല

ഇനം. 1 പ്രകാരം 4.9 M3 മണ്ണ് എസ്കവേറ്റ് ചെയ്തിരുന്നു. കൂടാതെ ഇനം 5 ആയി 5.27 M3 @1350= 7114.5 എർത്ത് ഫില്ലിംഗും നടത്തിയിരുന്നു. എസ്കവേറ്റ് ചെയ്ത മണ്ണിന്റെ പുനരുപയോഗം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. (മുൻ റിപ്പോർട്ടിൽ ഈ പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്)

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/20-21), പിഴ ഈടാക്കിയതിൽ കുറവ് വന്ന തുക ഒടുക്കുവാൻ കോൺട്രാക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, പി.എച്ച്.സി കെട്ടിടത്തിന്റെ ചുറ്റിലും വെള്ളക്കെട്ട് ആയതിനാൽ എസ്കവേറ്റ് ചെയ്ത മണ്ണ് ടി പ്രദേശം ഉയർത്തുന്നതിന് വേണ്ടിയാണ് ഉപയോഗിച്ചതെന്നുമാണ് മറുപടി നൽകിയത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇത് പരാമർശിച്ചിട്ടില്ല. എം ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുമില്ല എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. പിഴ ഈടാക്കിയതിൽ കുറവ് വന്ന 7517 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 എസ്.റ്റി സാംസ്കാരിക നിലയത്തിൽ തറ ടൈൽ പാകല്, S0199/20 -ടെണ്ടർ കുറവ് വരുത്തിയില്ല

| | |
|---|---|
| അടങ്കൽ | 100000 |
| കരാർ നം | 17/AE/LSGD/02.03.20 |
| കരാറുകാരൻ | സന്തോഷ്. കെ, 0.5% കുറവ് |

| | |
|---|---|
| ആകെ മൂല്യം | 85954.86 |
| എം ബുക്ക് നം | 39/19-20 |
| ചെലവ് വിവരം | (ജി.എസ്.റ്റി ഉൾപ്പെടെ) 96269/- Bill No.8/08.5.20 |

സാംസ്കാരിക നിലയത്തിൽ തറ ടൈൽ പാകൽ എന്ന പദ്ധതിക്ക് 0.5% കുറവ് നിരക്ക് ക്വോട്ട് ചെയ്ത സന്തോഷ്. കെ എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചത്. എന്നാൽ ആകെ മൂല്യത്തിൽ നിന്നും ഈ കുറവ് വരുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/20-21), തുക ഈടാക്കി ട്രഷറിയിൽ ഒടുക്കി രസീത് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ധനസഹായം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 249999 | പാലിന് സബ്സിഡി | 249999 | |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 150000 | ശാരീരികമാനസിക സ്കോളർഷിപ്പ് | 150000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 209000 | ലൈഫ് | 209000 | |
| ബ്ലോക്ക്പഞ്ചായത്ത് | | 275000 | ലൈഫ്(എസ്സ്.ടി) | 275000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 700000 | ലൈഫ്ഭവനപദ്ധതി-ജനറൽ | 700000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,00,000 | ഭൂമി വാങ്ങൽ | 2,00,000 | |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ 960000/-രൂപ വരവുണ്ട്. തൻവർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| HUDCO | G.O(MS)No.2278/LSGD Dtd 18.08.2018 | 960000 | 53482353 | 4682353 | 0 | 49760000 | - |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവ് ഇല്ല.

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-4 | 2007-2008 | 3.2.7.1 | എസ്റ്റിമേറ്റ് തിരുത്തൽ | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2-1 | 2016-17 | | തൊഴിൽ നികുതി സംബന്ധിച്ച് | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 62031031 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64165668 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1550 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 749084 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2566618 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1550 | | ശ്രീമതി.ശുഭാദേവി.എസ്, സെക്രട്ടറി |
| 3-1 | | 741567 | ശ്രീമതി.ഗിരിജ.എൻ.മാധവ്, ഹെഡ്മിസ്ട്രസ് |
| 3-2 | | 7517 | ശ്രീമതി.വിജി,അസി.എഞ്ചിനീയർ |
| ആകെ | | 749084 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 19400 | ശ്രീമതി.ശുഭാദേവി.എസ്, സെക്രട്ടറി |
| 1-21 | 1267008 | ശ്രീമതി.ശുഭാദേവി.എസ്, സെക്രട്ടറി |

| | | |
|---|---|---|
| 1-27 | 300000 | ശ്രീമതി.ശുഭാദേവി.എസ്,<br>സെക്രട്ടറി |
| 1-30 | 312500 | ഡോ.സി.എസ്.ഷൈജു, വെറ്ററിനറി സർജൻ |
| 1-31 | 667710 | ശ്രീമതി.ശുഭാദേവി.എസ്,<br>സെക്രട്ടറി |
| | | |
| ആകെ | 2566618 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശുഭാദേവി.എസ്, സെക്രട്ടറി | സെക്രട്ടറി, കുമാരപുരം ഗ്രാമപഞ്ചായത്ത് | സരയൂ, കൃഷ്ണനഗർ, കണ്ടല്ലൂർ , കായംകുളം പി.ഒ |
| ഡോ.സി.എസ്.ഷൈജു, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കുമാരപുരം ഗ്രാമപഞ്ചായത്ത് | ചൂരക്കുഴിയിൽ വീട്, നങ്ങ്യാർകുളങ്ങര.പി.ഒ, ഹരിപ്പാട് |
| ശ്രീമതി.ഗിരിജ.എൻ.മാധവ്, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, കുമാരപുരം ഗ്രാമപഞ്ചായത്ത് | ലാളത്തുതാഴത്തേൽ, തിരുവഞ്ചൂർ പി.ഒ, കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06വരെ | എൽ.എഫ്.ജി.എ5-1832/2011/12.02.12 |
| 2006-07 മുതൽ 2009-10വരെ | എൽ.എഫ്.ജി.എ5-1577/13/12.05.14 |
| 2010-11, 2011-12 | എൽ.എഫ്.എ.പി3-48/13/07.02.13/10.04/13 |
| 2012-13 | എൽ.എഫ്.എ.പി11-79/15/26.03.15/05.05.15 |
| 2013-14 | എൽ.എഫ്.എപി.ഇസെഡ്.പി11-678/15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി.-പി.11/550/2016 തീയതി 31.05.2016 |

| | |
|---|---|
| 2015-16 | കെ. എസ്. എ.- എ.എൽ.പി.-പി.11-564/16 /06.01.17. |
| 2016-17 | കെ. എസ്. എ.- എ.എൽ.പി.-പി.11-1048/2017 /15.10.18 |
| 2017-18 | കെ. എസ്. എ.- എ.എൽ.പി.-പി.11-1497/2018 /2.11.2018 |
| 2018-19 | കെ. എസ്. എ.- എ.എൽ.പി.-പി.11-1038/2019 /15.01.2020 |
| 2019-20 | കെ. എസ്. എ.- എ.എൽ.പി.-പി.10-353/2022/ 27/03/2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്